മലങ്കര കത്തോലിക്കാ സഭ സ്വയം ഭരണാവകാശമുള്ള ഒരു വ്യക്തിഗത സഭയായി ഉയർത്തപ്പെട്ടതിനുശേഷമുള്ള പ്രഥമ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സഭയുടെ ആസ്ഥാനമായ പട്ടം കതോലിക്കേറ്റ് സെന്ററിൽ ആഗസ്റ്റ് മാസം 16 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ നടക്കുകയുണ്ടായി. സഭാദ്ധ്യക്ഷനും, തലവനുമായ, മോറാൻ മോർ സിറിൽ ബസേലിയോസ് കതോലിക്കാ ബാവ ആയിരുന്നു സുന്നഹദോസിന്റെ അദ്ധ്യക്ഷൻ. അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യുഹാനോൻ മാർ ക്രിസോസ്റ്റം, ഐസക്ക് മാർ ക്ലീമ്മിസ്, ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, എന്നീ പിതാക്കൻമാർ സുന്നഹദോസിൽ സന്നിഹിതരായിരുന്നു. അമേരിക്കയിലായിരുന്ന അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിക്ക് ചില സാങ്കേതിക തടസ്സങ്ങൾ കാരണം സുന്നഹദോസിൽ പങ്കെടുക്കാനായില്ല.

പ്രാരംഭ ദിവസം (16-ന്) രാവിലെ 8.45ന്, സഭാ മേലദ്ധ്യക്ഷൻമാർ, കാലം ചെയ്ത അഭിവന്ദ്യരായ മാർ ഈവാനിയോസ്, മാർ ഗ്രിഗോറിയോസ് എന്നീ പിതാക്കൻമാരുടെ കല്ലറകൾ സ്ഥിതി ചെയ്യുന്ന പട്ടം സെന്റ് മേരീസ് അതിഭദ്രാസന ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ദൈവനാമത്തിനു സ്തോത്രം ചെയ്യുകയും, നമ്മുടെ മൺമറഞ്ഞ പിതാക്കൻമാരെ ഏവരെയും ഏവരെയും അനുസ്മരിച്ച് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തുകയും ചെയ്തു. അതിനു ശേഷം 9.20 ന് കാതോലിക്കേറ്റ് സെന്ററിൽ സജ്ജമാക്കിയിരുന്ന സുന്നഹദോസ് സമ്മേളന ഹാളിൽ പ്രവേശിച്ചു. സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി ദൈവവചനം വായിച്ച് പ്രാരംഭ പ്രാർത്ഥന നടത്തുകയും തുടർന്ന് പ. കാതോലിക്കാ ബാവ ശ്ലൈഹിക ആശീർവാദം നൽകുകയും ഭദ്രദീപം തെളിയിക്കുകയും ചെയ്തു. അതോടെ മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ സുന്നഹദോസിന് കാനോനികമായ തുടക്കമായി.

അദ്ധ്യക്ഷ പ്രസംഗം - പരിശുദ്ധ കതോലിക്കാ ബാവ പ.സുന്നഹദോസിന്റെ നിയതമായ കോറം സ്ഥിരീകരിച്ചതിനുശേഷം തന്റെ ഉദ്ഘാടന പ്രസംഗം ആരംഭിച്ചു.

സുന്നഹദോസിൽ സന്നിഹിതരായ എല്ലാ പിതാക്കൻമാരെയും, ഹൃദ്യമായി സ്വാഗതം ചെയ്ത പ. കാതോലിക്കാ ബാവ പ്രഥമ സുന്നഹദോസിന്റെ ദൗത്യം മലങ്കര കത്തോലിക്കാ സഭയ്ക്കു കൈവന്ന ദൈവിക ദാനത്തെ (സുന്നഹദോസ് സംവിധാനത്തെ), വളരെ ഉത്തരവാദിത്വത്തോടെ പരികർമ്മം ചെയ്യുകയാണ് എന്ന് ഓർമ്മിപ്പിച്ചു. അദ്ദേഹം തുടർന്നു: "ആഗോള കത്തോലിക്കാ സഭാ കൂട്ടായ്മയിൽ പ്രവേശിച്ചതു മുതൽ നമ്മുടെ പൂർവ്വ പിതാക്കന്മാർ, നമ്മുടെ ദൈവജനം ഇവരെല്ലാം അതിതീവ്രമായ ആഗ്രഹത്തോടെ, പ്രതീക്ഷാപൂർവ്വം കാത്തിരിക്കുകയും നമുക്കിപ്പോൾ കരഗതമാകുകയും ചെയ്ത ഒരു സഭാ സംവിധാനമാണ് ഈ പ.സുന്നഹദോസ്. ഈ സുന്നഹദോസിന്റെ നടപടികൾ അറിയുവാൻ ആകാംക്ഷയോടെ, പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്ന ദൈവജനത്തെ നാം കൺമുമ്പിൽ കാണേണ്ടതുണ്ട്. ഈ സത്യം നമ്മെ ഓർമ്മിപ്പിക്കുവാൻ, നമ്മുടെ മുൻപിലുള്ള വിഷയാനുക്രമണിക തന്നെ മതിയായതത്രെ.

ചെറുപുഷ്പഗിരിയിൽ 2005 മാർച്ച് മാസം 30 മുതൽ ഏപ്രിൽ മാസം 1 വരെ സമ്മേളിച്ച നമ്മുടെ പ്രാരംഭ മെത്രാൻ സമ്മേളനം ഈ സുന്നഹദോസ് ഔദ്യോഗികമായി സമ്മേളിക്കുവാനുള്ള അടിസ്ഥാനമിട്ടു. നമുക്ക് ഒരേ മനസ്സോടും, ഒരേ ആത്മാവോടും ദൈവസാന്നിദ്ധ്യത്തിൽ ഒന്നുചേരാം. അങ്ങനെ യേശുക്രിസ്തുവിന്റെ യഥാർത്ഥ ഉപകരണങ്ങളായി ഈ ലോകത്തിന് സാക്ഷ്യമേകാം." ഈ ആശംസകളോടെ പ. കാതോലിക്കാബാവ പ്രഥമ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു.

അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ അസാന്നിദ്ധ്യം രേഖപ്പെടുത്തിയുള്ള അദ്ദേഹത്തിന്റെ അപേക്ഷയെ കുറിച്ച് അദ്ധ്യക്ഷൻ സുന്നഹദോസ് അംഗങ്ങളെ ബോദ്ധ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ അവധിയ്ക്കുള്ള അപേക്ഷ പിതാക്കൻമാർ അംഗീകരിക്കുകയും ചെയ്തു.

ഔദ്യോഗിക കാര്യാലോചനകളിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ്, അഭിവന്ദ്യ കാതോലിക്കാ ബാവ, ഈ ദിനം തന്റെ 71 -ാം ജന്മദിനമാണെന്ന് പറയുകയും തനിക്കുവേണ്ടി പ്രാർത്ഥനാശംസകൾ അർപ്പിച്ച പിതാക്കൻമാർക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. അതോടൊപ്പം മെത്രാഭിഷേകത്തിന്റെ 4-ാം വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ ക്ലീമ്മീസ് പിതാവിനെയും പ. കാതോലിക്കാ ബാവ അഭിനന്ദിക്കുകയുണ്ടായി.

തുടർന്ന് സുന്നഹദോസ് നടപടികളുടെ തുടക്കമായി. ആദ്യമായി സിനഡിൽ സമർപ്പിച്ചിരിക്കുന്ന വിഷയാനുക്രമണികയുടെ സ്ഥിരീകരണമായിരുന്നു. സുന്നഹദോസിന്റെ പരിചിന്തനത്തിനായി സമർപ്പിച്ചിരിക്കുന്ന വിഷയാനുക്രമണികയിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ താഴെ പറയുന്നവയത്രെ

1 എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ രൂപീകരണം.

2 സ്ഥിര സിനഡൽ സംവിധാനത്തിന്റെ രൂപീകരണം.

3 വിവിധ കമ്മീഷനുകളുടെ രൂപീകരണം.

4 എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും, സ്ഥിര സുന്നഹദോസിനും. സഭാ

കോടതിക്കും ആവശ്യകമായ നിയമ നിർമ്മാണം നടത്തുന്നതിനായുള്ള ഒരു സബ് കമ്മറ്റിയുടെ തെരഞ്ഞെടുപ്പ്.

5 മലങ്കര സഭയ്ക്കായുള്ള പ്രത്യേക കാനൻ നിയമ ക്രോഡീകരണം.

6 കാതോലിക്കേറ്റ് സെന്ററിന്റെ അടിസ്ഥാന ഘടനാ സംവിധാന ക്രമീകരണം.

7 സുന്നഹദോസ് അംഗങ്ങൾ മുമ്പോട്ട് വയ്ക്കുന്നതായ കാര്യങ്ങൾ

8 യുക്തമായ മറ്റു വിഷയങ്ങൾ.

തിരുവല്ല ചെറുപുഷ്ഗിരിയിൽ വച്ചു നടന്ന പ്രാരംഭ സുന്നഹദോസ് പര്യാലോചിച്ച കൂരിയായിലെ നിയമനങ്ങളുടെ സ്ഥിരീകരണത്തെക്കുറിച്ച് സുന്നഹദോസ് അദ്ധ്യക്ഷൻ പിതാക്കൻമാരുടെ ശ്രദ്ധയിൽപ്പെടുത്തി. അതിൻ പ്രകാരം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ നിയമിതരായവർ:

| | |
|---|---|
| ചാൻസലർ | - റവ. ഡോ. ആന്റണി വലിയവിളയിൽ ഒ.ഐ.സി. |
| വൈസ് ചാൻസലർ | - റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ |
| ജുഡീഷ്യൽ വികാർ | - റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ |
| ഫൈനാൻസ് ഓഫീസർ | - റവ. ഫാ. ജോസ് കിഴക്കേടത്ത് |
| ഓഫീസ് സെക്രട്ടറി | - റവ. സി. ഡോ. ആർദ്ര എസ്. ഐ.സി, |

ഇവരുടെ നിയമനം സിനഡ് അംഗീകരിക്കുകയുണ്ടായി

**1. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ രൂപീകരണം**

വിഷയാനുക്രമണികയിൽ നിർദ്ദേശിച്ചതുപോലെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ രൂപീകരണമായിരുന്നു സുന്നഹദോസിന്റെ പ്രഥമ ചർച്ചാ വിഷയം. താഴെ പറയുന്ന തീരുമാനങ്ങൾ സുന്നഹദോസ് കൈക്കൊണ്ടു:

**അംഗങ്ങൾ**

1. മലങ്കര കത്തോലിക്കാ സഭയിലെ അതിഭദ്രാസന-ഭദ്രാസന മേലദ്ധ്യക്ഷന്മാർ, സഹായ മെത്രാൻമാർ, ഭദ്രാസന ചുമതലയിൽ നിന്നും വിരമിച്ചവർ.
2. സുന്നഹദോസിന്റെ നാമം മലങ്കര കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് (MCES) എന്നായിരിക്കും.
3. MCES നു വേണ്ടി ഉള്ള നിയമങ്ങളുടെ ക്രോഡീകരണം. അതിൽ സുന്നഹദോസിന്റെ ഘടനയും പ്രവർത്തനവും നിജപ്പെടുത്തേണ്ടതാണ്.

**സുന്നഹദോസിലെ ഇപ്പോഴത്തെ അംഗങ്ങൾ**

1. മോറാൻ മോർ സിറിൽ ബസേലിയോസ് മേജർ ആർച്ചു ബിഷപ്പ് - കാതോലിക്കോസ്
2. മോസ്റ്റ് റവ. ഗീവർഗ്ഗീസ് മാർ ദിവാന്നാസിയോസ്, ബത്തേരി മെത്രാപ്പൊലീത്താ
3. മോസ്റ്റ് റവ. തോമസ് മാർ കൂറിലോസ്. മൂവാറ്റുപുഴ മെത്രാപ്പൊലീത്താ
4. മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം, മാർത്താണ്ഡം മെത്രാപ്പൊലീത്താ

5. മോസ്റ്റ് റവ. ഐസക് മാർ ക്ലീമ്മീസ്, തിരുവല്ലാ മെത്രാപ്പൊലീത്താ
6. മോസ്റ്റ് റവ. ഗീവർഗ്ഗീസ് മാർ തീമോത്തിയോസ്, തിരുവല്ലാ-മുൻ മെത്രാപ്പൊലീത്താ
7. മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തിരുവനന്തപുരം സഹായമെത്രാൻ
8. മോസ്റ്റ് റവ. ജോസഫ് മാർ തോമസ്, തിരുവനന്തപുരം സഹായമെത്രാൻ, അപ്പോസ്തോലിക് വിസിറ്റേറ്റർ

**2. സ്ഥിര സുന്നഹദോസിന്റെ രൂപീകരണം**

മലങ്കര കത്തോലിക്കാ സഭയുടെ ആകമാന ഭരണത്തിൽ മേജർ ആർച്ചു ബിഷപ്പ് കാതോലിക്കോസിനെ സഹായിക്കുന്ന ഒരു ഭരണ സംവിധാനമാണ് സ്ഥിര സുന്നഹദോസ്. സുന്നഹദോസ് അദ്ധ്യക്ഷൻ (മേജർ ആർച്ചു ബിഷപ്പ് - കാതോലിക്കോസ്) ഉൾപ്പെടെ 5 മെത്രാന്മാർ ആയിരിക്കും സ്ഥിര സുന്നഹദോസിന്റെ അംഗങ്ങൾ. ഇവരിൽ മൂന്ന് അംഗങ്ങളെ സുന്നഹദോസ് തെരഞ്ഞെടുക്കുകയും ശേഷിക്കുന്ന ആളിനെ സുന്നഹദോസ് അദ്ധ്യക്ഷൻ (മേജർ ആർച്ചു ബിഷപ്പ് - കാതോലിക്കോസ്) നാമ നിർദ്ദേശം ചെയ്യുകയും ചെയ്യുന്നു. ഇതിൻ പ്രകാരം രൂപീകരിച്ച സ്ഥിര സിനഡിലെ അംഗങ്ങൾ താഴെ പറയുന്നവരത്രെ.

**പ്രസിഡന്റ്** - മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്ക ബാവ

**തെരഞ്ഞെടുക്കപ്പെട്ടവർ**

മോസ്റ്റ് റവ. ഐസക് മാർ ക്ലീമ്മീസ്.

മോസ്റ്റ് റവ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്

മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം

**നാമ നിർദ്ദേശം ചെയ്യപ്പെട്ട അംഗം**

മോസ്റ്റ് റവ. തോമസ് മാർ കൂറിലോസ്.

**3. പ. സുന്നഹദോസ്, ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ, സഭാകോടതി, എന്നീ സംവിധാനങ്ങൾക്കാവശ്യമായ നിയമ ക്രോഡീകരണം**

പ. സുന്നഹദോസ്, ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ, സഭാകോടതി, എന്നീ സംവിധാനങ്ങൾക്കാവശ്യമായ നിയമ ക്രോഡീകരണത്തിന് താഴെ പറയുന്ന അംഗങ്ങളെ ചുമതലപ്പെടുത്തി.

| | | |
|---|---|---|
| പ്രസിഡന്റ് | - | മോസ്റ്റ് റവ.തോമസ് മാർ കൂറിലോസ് |
| വൈസ് പ്രസിഡന്റ് | - | മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് |
| മറ്റ് അംഗങ്ങൾ | - | റവ. ഡോ. ആന്റണി വലിയവിളയിൽ ഒ.ഐ.സി |
| | - | റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ |

മൂന്നു മാസത്തെ സമയ പരിധിക്കുള്ളിൽ മുകളിൽ പ്രസ്താവിച്ച സഭാ സംവിധാനങ്ങൾക്കായുള്ള നിയമങ്ങൾ ക്രോഡീകരിക്കണമെന്ന് പ. സുന്നഹദോസ് ആവശ്യപ്പെട്ടു.

**4. വിവിധ കമ്മിഷനുകളുടെ രൂപീകരണം**

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ശരിയായ സംവിധാനത്തിനും നടത്തിപ്പിനും സഭയുടെയും ഭദ്രാസനങ്ങളുടെയും കാര്യക്ഷമമായ വളർച്ചയ്ക്കും വിവിധ കമ്മിഷനുകളുടെ രൂപീകരണം അത്യന്താപേക്ഷിതമത്രെ. ഓരോ ഭദ്രാസനത്തിലും ഇപ്പോൾ നിലവിലുള്ള കമ്മീഷനുകൾ സഭാ സംവിധാനത്തിൽ രൂപപ്പെടുത്തുന്ന കമ്മീഷനുകൾക്ക് അനുസൃതമായിരിക്കണം.

സുന്നഹദോസ് തീരുമാന പ്രകാരം ഓരോ കമ്മീഷന്റെയും അദ്ധ്യക്ഷൻ സുന്നഹദോസ് തെരഞ്ഞെടുത്ത മെത്രാനായിരിക്കും. അദ്ദേഹത്തെ സഹായിക്കുന്നതിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കും. ഈ സെക്രട്ടറിയെ തെരഞ്ഞെടുക്കുന്നത് പ്രസ്തുത കമ്മീഷന്റെ അദ്ധ്യക്ഷനായ മെത്രാനാണ്. എന്നാൽ തൽസ്ഥാനത്തേക്ക് സെക്രട്ടറിയെ ഔദ്യോഗികമായി നിയമിക്കുന്നത് പ. കാതോലിക്കാ ബാവ ആയിരിക്കും

ഓരോ കമ്മീഷനിലും ഉള്ള ഉപദേശക സമിതിയെ തെരഞ്ഞെടുക്കുന്നത് കമ്മിഷന്റെ അദ്ധ്യക്ഷനായിരിക്കും. എന്നാൽ ഈ സമിതിയിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഭദ്രാസനങ്ങളിൽ നിലവിലുള്ള വിവിധ സഭാ സമിതികളുമായി കൂടിയാലോചിക്കേണ്ടതുണ്ട്. ഓരോ കമ്മീഷന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ രൂപ രേഖകൾ തയ്യാറാക്കേണ്ടതുമുണ്ട്.

ഒരു പൊതു ധാരണയെന്ന നിലയിൽ, ഓരോ കമ്മീഷനും അതിനുസമാന്തരമായ ഒരു കമ്മീഷൻ ഭദ്രാസന തലത്തിൽ ഉണ്ടായിരിക്കും. അവയുടെ ഡയറക്ടേഴ്സ്, പ്രസിഡന്റ്സ് എന്നിവരെ സഭാ കമ്മീഷനുകളിലെ ആലോചന കമ്മിറ്റിയിലെ അംഗങ്ങളാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ ബാഹ്യ കേരള / ബാഹ്യ ഭാരതത്തിലുള്ള നമ്മുടെ വിശ്വാസികളുടെ സാന്നിദ്ധ്യവും ഈ കമ്മീഷനുകളിൽ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ കമ്മീഷന്റെയും കാലാവധി 5 വർഷത്തേക്കായിരിക്കും.

സഭയുടെ ഇന്നത്തെ ആവശ്യങ്ങൾക്ക് ഉപയുക്തമാകും വിധം 18 കമ്മീഷനുകളാണ് സുന്നഹദോസ് ഇപ്പോൾ രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കമ്മീഷനുകളുടെ പേരുകളും ചെയർമാൻമാരും താഴെപ്പറയുന്നവരത്രെ.

1. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ-ആരാധന ക്രമം
2. മോസ്റ്റ് റവ. ഐസക് മാർ ക്ലീമീസ് - യുവജനങ്ങൾ, സഭൈക്യം, സംവാദം, സുവിശേഷവൽക്കരണം
3. മോസ്റ്റ് റവ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്-കുടുംബം, അത്മായ ഭക്ത സംഘടനകൾ
4. മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം- ബൈബിൾ പ്രേഷിതത്വം, പുരോഹിതർ, സന്യസ്തർ
5. മോസ്റ്റ് റവ.തോമസ് മാർ കൂറിലോസ്- വിശ്വാസ പരിശീലനം, വൈദിക പരിശീലനം, ദൈവ ശാസ്ത്രവും പ്രസിദ്ധീകരണങ്ങളും

6. മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് - വിദ്യാഭ്യാസം, ആരോഗ്യം, സമ്പർക്കമാദ്ധ്യമങ്ങൾ, സാമൂഹ്യക്ഷേമവും ദളിത് ക്രിസ്ത്യാനികളും.
7. റവ. ഡോ. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്- ദൈവവിളി
8. റവ. ഡോ. ജോസഫ് മാർ തോമസ്- ഇന്ത്യക്കു പുറത്തുള്ള സഭാ മക്കളുടെ അജപാലനം

**5. പ്രത്യേക നിയമ സംഹിത ക്രോഡീകരണ കമ്മിറ്റി**

സഭയുടെ പ്രത്യേകമായ നിയമ നിർമ്മാണത്തിനു ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ ഇതു വരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ഔദ്യോഗിക വിവരം സുന്നഹദോസിന് നൽകുവാൻ ജനറൽ കൺവീനർ ബ. ജോൺ കൊച്ചുതുണ്ടിലച്ചനോട് സുന്നഹദോസിന്റെ അദ്ധ്യക്ഷനായ കാതോലിക്ക ബാവാ തിരുമേനി ആവശ്യപ്പെട്ടു. തദനുസരണം ബ.ജോൺ കൊച്ചുതുണ്ടിലച്ചൻ താഴെ വരുന്ന വിശദാംശങ്ങൾ നൽകി. സഭയുടെ പ്രത്യേക നിയമ നിർമ്മാണ ക്രോഡീകരണത്തിന്റെ ഭാഗമായി മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ ഒരു പൊതു കമ്മറ്റിയെ ചുമതലപ്പെടുത്തി. അതിൽ 83 അംഗങ്ങൾ ഉണ്ടായിരുന്നു. ഈ കമ്മറ്റിയുടെ ആദ്യ പൊതു മീറ്റിംഗ് 2005 ജൂൺ മാസം 7ന് സ്രോതസ്സിൽ (പട്ടം) സമ്മേളിച്ചു. 83 പേർ അടങ്ങിയ പ്രസ്തുത കമ്മിറ്റിയെ 7 ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പിനും സഭാ നിയമത്തിൽ ഉൾക്കൊള്ളിക്കേണ്ടതായ പ്രത്യേകമായ വിഷയങ്ങൾ പഠനത്തിനും പരിചിന്തനത്തിനും നൽകുകയും ചെയ്തു. അതു പോലെ വിഷയങ്ങളുടെ വ്യാപ്തിയെക്കുറിച്ച് പരിചിന്തനം ചെയ്യുന്ന കാര്യങ്ങൾ കമ്മിറ്റി അംഗങ്ങൾ രേഖപ്പെടുത്തുവാനും നിർദ്ദേശിച്ചു. കമ്മറ്റിയുടെ പ്രവർത്തന ഫലമായി പൂർണ്ണ രൂപത്തിലല്ലെങ്കിലും ഒരു കരടു രേഖ ഇതിനോടകം ലഭ്യമായിട്ടുണ്ട് എന്നുള്ളവിവരവും ബ. ജോൺ കൊച്ചുതുണ്ടിലച്ചൻ പ. സുന്നഹദോസിനെ അറിയിച്ചു. തുടർന്ന് പ്രത്യേക കാനൻ നിയമ സംഹിതയുടെ ലഭ്യമായ കരടുരേഖകൾ പഠിച്ച് നിയതമായ നിയമങ്ങൾ ക്രോഡീകരിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

**6. കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണവും ധനസമാഹരണവും**

കാതോലിക്കേറ്റ് സെന്റർ എത്രയും വേഗം പണിയേണ്ടതിന്റെ ആവശ്യകത പരി. കാതോലിക്ക ബാവാ സുന്നഹദോസിനെ ബോദ്ധ്യപ്പെടുത്തി. ഇപ്പോൾ മലങ്കര മൈനർ സെമിനാരിയായിരിക്കുന്ന, മാർ ഈവാനിയോസ് പിതാവിന്റെ പട്ടത്തുള്ള പഴയ ആസ്ഥാനമാണ്, ഇതിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം. ഇതിനായി സെമിനാരി അവിടെ നിന്നും മാറ്റേണ്ടതുണ്ട്. ഇപ്പോഴുള്ള സെമിനാരി കെട്ടിടം കാതോലിക്കേറ്റിന്റെ ഭാഗമാക്കാവുന്നതാണ്. പഴയ കെട്ടിടത്തിൽ മാർ ഈവാനിയോസ് പിതാവ് ഉപയോഗിച്ചിരുന്ന രണ്ടു മുറികൾ സഭൈക്യത്തിന്റെ പ്രവാചകനായ അഭിവന്ദ്യ പിതാവിന്റെ ഒരു സ്മാരകമായി സംരക്ഷിക്കും.

കാതോലിക്കേറ്റ് സെന്ററിന്റെ പ്ലാൻ സമർപ്പിക്കാൻ റവ.ഫാ. ജോസ് കിഴക്കേടത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. 40,000 Sq.feet വരുന്ന കെട്ടിടത്തിന് 3.5 കോടി രൂപയോളം ചിലവു വരുമെന്നാണ് കണക്കുകൂട്ടൽ. ഈ സെന്ററിലെ ദൈവാലയം സഭ

യുടെ ആരാധനാക്രമ പാരമ്പര്യപ്രകാരമായിരിക്കണമെന്ന നിർദ്ദേശവുമുണ്ട്.

ഇതിന്റെ പണിക്കാവശ്യമായ ഫണ്ട് മലങ്കര സഭ തന്നെ കണ്ടെത്തണമെന്നാണ് അഭിവന്ദ്യ കാതോലിക്കോസിന്റെ നിർദ്ദേശം. ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ഉത്തര വാദിത്വം അദ്ദേഹം എറ്റെടുക്കുകയും ചെയ്തു. ഫണ്ട് കണ്ടെത്താനുള്ള വിവിധ മേഖലകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. ഉദാഹരണം : മെത്രാന്മാർ, രൂപതകൾ, (ഇടവ കകളിലെ പിരിവ്), വൈദികർ, സന്ന്യാസ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ, വിദേ ശത്തു പ്രവർത്തിക്കുന്ന വൈദികർ (സന്ന്യസ്തരും രൂപതാ വൈദികരും), വിദേ ശത്തു പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വ്യക്തികളും മറ്റ് അഭ്യുദയകാംഷികളും.

മെത്രാന്മാരുടെ വ്യക്തിപരമായ സംഭാവന ഇപ്രകാരം നിർദ്ദേശിക്കപ്പെട്ടു. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കോസ് Rs. 5,00000/- മറ്റു മെത്രാന്മാർ കുറഞ്ഞത് Rs. 1,00000/- രൂപ ഈ തരത്തിൽ പ്രതീക്ഷിക്കുന്ന തുക Rs.15,00000-/.

രൂപതകളിൽ നിന്നും പ്രതീക്ഷിക്കുന്ന തുക. തിരുവനന്തപുരം - Rs.25,00000/. കൂടാതെ രണ്ട് ഏക്കർ ഭൂമിയും. (4 കോടി രൂപ വില മതിക്കുന്നത്), തിരുവല്ല - Rs.15,00000/-, ബത്തേരി - Rs.10,00000/-, മാർത്താണ്ഡം - Rs.5,00000/-, മുവാറ്റുപുഴ - Rs.8,00000/-, ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന തുക - Rs.63,00000/-, ഓരോ വൈദികരിൽ നിന്നും ആളാംപ്രതി പ്രതീക്ഷിക്കുന്നത് കുറഞ്ഞത് Rs.1,000/- രൂപ അല്ലെങ്കിൽ കാതോലിക്കേറ്റിന്റെ നിയോഗാർത്ഥം 10 വിശുദ്ധ കുർബാന, വിദേശത്തു പ്രവർത്തിക്കുന്ന വൈദികരും (സന്ന്യാസ വൈദികരും രൂപതാ വൈദികരും) സിസ്റ്റേഴ്സും ഒരു മാസത്തെ ശമ്പളം ഇതിനായി നൽകേണ്ടതാണ്.

**പ്രത്യേക കൂടി വരവുകൾ**

കാതോലിക്കേറ്റ് സെന്ററിന്റെ പണിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിലേക്കായി 2005 ആഗസ്റ്റ് 18-ാം തീയതി 11.30 am മുതൽ 1.00 pm വരെ ഒരു പ്രത്യേകയോഗം സിനഡ് ഹാളിൽ പരിശുദ്ധ കാതോലിക്കാബാവ വിളിച്ചുകൂട്ടുകയുണ്ടായി. പ്രോട്ടോ Syncellus വികാരി ജനറാൾ, സുപ്പീരിയർ ജനറൽ, മദർ ജനറൽമാർ, പ്രൊവിൻഷ്യൽസ്, പ്രൊക്കുറേറ്ററുമാർ, മേജർ സെമിനാരി റെക്ടർ, മൈനർ സെമിനാരി റെക്ടർമാർ, എം.സി.എ. പ്രസിഡന്റ്, മാതൃസംഘം പ്രസിഡന്റ് തുടങ്ങി 26 പേർ സംബന്ധിച്ചു.

അഭിവന്ദ്യ കാതോലിക്കാ ബാവ എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും എപ്പിസ്ക്കോപ്പൽ സിനഡിലെ ചർച്ചകളക്കുറിച്ച് വിവരം നൽകുകയും ചെയ്തു. ഇതിനുശേഷം ഒരു കാതോലിക്കേറ്റ് സെന്ററിന്റെ ആവശ്യകതെയക്കുറിച്ച് വിശദീകരിച്ചു. പ്ലാനും ഏകദേശം വരാവുന്ന പണചിലവും അവതരിപ്പിച്ചു.

കൂടാതെ, പരി. കാതോലിക്കാബാവ, സുന്നഹദോസിൽ നടന്ന കാതോലിക്കേറ്റിന്റെ നിർമ്മിതിയുമായി ബന്ധപ്പെട്ട ചർച്ചകളും നിർദ്ദേശങ്ങളും മീറ്റിംഗിൽ അറിയിച്ചു. പിതാക്കന്മാർ നിർദ്ദേശിച്ച കാര്യങ്ങൾ ഏകമനസ്സോടെ അംഗങ്ങൾ സ്വീകരിച്ചു.

സന്ന്യസ്തരുടെ കാര്യത്തിൽ സുന്നഹദോസ് ഇപ്രകാരം തീരുമാനിക്കുകയുണ്ടാ

യി. അതായത് ഓരോ ജനറലേറ്റും വിവിധങ്ങളായ തങ്ങളുടെ മേഖലകളിൽ ഉള്ള തുക സ്വരൂപിച്ച് സെന്ററിന്റെ പണിയിൽ ഭാഗഭാക്കുകളാകുക. 2 ആഴ്ചയ്ക്കിടയിൽ ഓരോ ജനറലേറ്റും തങ്ങൾ നൽകുവാനുള്ള തുകയുടെ വിവരം അറിയിക്കേണ്ടതുണ്ട്. അതേ സമയം തന്നെ കൊടുക്കുവാൻ ഉദ്ദേശിക്കുന്ന തുക, പല ഗഡുക്കളായി നൽകാവുന്നതാണ്.

നിർമ്മാണ പദ്ധതിയിൽ സെന്ററിന്റെ സിനഡ് ഹാൾ, ചാപ്പൽ തുടങ്ങിയവ വ്യക്തിപരമായി സ്പോൺസർ ചെയ്യാനും ഉള്ള സാധ്യത ഉണ്ടായിരിക്കും. കേരളത്തിനു പുറത്തും ഇൻഡ്യയ്ക്കു പുറത്തു നിന്നും ഉള്ള ധനശേഖരണത്തിന്റെ ഉത്തരവാദിത്വം കാതോലിക്കാ ബാവ തന്നെ ഏറ്റെടുത്തു.

ശേഷം സെപ്റ്റംബർ 19-21 വരെ മാവേലിക്കരയിൽ വച്ചു നടക്കുന്ന പുനരൈക്യ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഏകദേശ രൂപം മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി അറിയിക്കുകയുണ്ടായി.

അവസാനമായി, മീറ്റിംഗിൽ എത്തിച്ചേർന്ന അംഗങ്ങൾ ഏവർക്കും അവരുടെ ഉത്തരവാദിത്വ പൂർണ്ണമായ പങ്കുചേരലിനും, കൂടിവരവിനും കാതോലിക്കാ ബാവാ നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് 1.00 മണിയ്ക്ക് പ്രാർത്ഥനയോടുകൂടി ഈ പ്രത്യേകമായ മീറ്റിംഗ് അവസാനിപ്പിച്ചു.

**7. സുന്നഹദോസ് അംഗങ്ങൾ ഉന്നയിച്ച അപേക്ഷകളും, ഇതര വസ്തുതകളും**

പ. സുന്നഹദോസ് നടപടികൾ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രികയുടെ ശീർഷകം “MALANKARA” എന്നതിനെ കുറിച്ചുള്ള ചർച്ചകൾക്കൊടുവിൽ മേൽപ്പറഞ്ഞ ശീർഷകം തന്നെ മതി എന്ന തീരുമാനം സുന്നഹദോസ് കൈക്കൊണ്ടു.

അഭിവന്ദ്യ ജോസഫ് മാർ തോമസ്, ബാഹ്യ ഇൻഡ്യയിൽ നടത്തപ്പെടേണ്ട അജപാലന ശുശ്രൂഷയെക്കുറിച്ചുള്ള ചില നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് മേജർ ആർച്ചുബിഷപ്പിന് അയച്ചിരുന്നു. ഈ കത്ത് സുന്നഹദോസിൽ വായിക്കുകയും, ചർച്ച ചെയ്യുകയും ചെയ്തു.

**പ്രത്യേകമായ തീരുമാനങ്ങൾ**

പ്രാരംഭ സുന്നഹദോസിൽ തീരുമാനിച്ച പ്രകാരം മലങ്കര സഭാദ്ധ്യക്ഷൻ സഭയുടെ പിതാവും തലവനും എന്ന നിലയിൽ അന്ത്യോക്യൻ-മലങ്കര പാരമ്പര്യപ്രകാരം കാതോലിക്കോസ് എന്നു വിളിക്കപ്പെടണം. ഈ ശീർഷകത്തിലായിരിക്കും പൊതു കാനോനകൾക്കും മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക കാനോനാകൾക്കും വിധേയനായി മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ അദ്ദേഹം തന്റെ ഔദ്യോഗിക സ്ഥാന അവകാശങ്ങളും കടമകളും നിർവ്വഹിക്കുക.

സീറോ മലങ്കര സഭയിൽ ആചാരപ്രകാരം നിലനിന്നിരുന്ന പുരാതന സംവിധാനമായ സ്ഥിര ഡീക്കൻ പദവി പുനഃസ്ഥാപിക്കുക, ഇതിലേക്കാവശ്യമായ നിയമങ്ങളും മറ്റും പ്രത്യേക കാനൻ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണവും നടത്തുക.

CCEO Canons 1035-1042 വരെയുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സഭയുടെ സ്വത്തുക്കളുടെ അന്യാധീനപ്പെടുത്തലിനെക്കുറിച്ചുള്ള ചർച്ചകൾ സിനഡിൽ നടന്നു. അതിൻപ്രകാരം താഴെപറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

- അന്യാധീനപ്പെടുത്തുന്ന വസ്തുക്കളുടെ വില ഒരു കോടി ഡോളറിനു മുകളിൽ ആയാൽ അതിന് പ. സുന്നഹദോസിന്റെ സമ്മതം ആവശ്യമാണ്.

- കാനൻ നിയമം 1036 Paragraph-1 ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓരോ ഭദ്രാസനത്തിനും US ഡോളർ 50,000/- വരെ വിലപിടിപ്പുള്ള വസ്തുക്കൾ അന്യാധീനപ്പെടുത്തുന്നതിന് ഭദ്രാസനാധിപന്റെ അനുമതി മതിയാകും. എന്നാൽ 50,000 - US ഡോളറിനു മുകളിൽ ഒരു കോടി ഡോളർ വരെ വിലയുള്ള വസ്തുക്കളുടെ അന്യാധീനപ്പെടുത്തലിന് ധനകാര്യ സംഘത്തിന്റെയും ഭദ്രാസന ഉപദേശക സമിതിയുടെയും സമ്മതം ആവശ്യമത്രെ.

- നമ്മുടെ മെത്രാന്മാരെ His Excellency Right Reverend എന്നതിനു പകരം His Excellency Most Reverend എന്നായിരിക്കും സംബോധന ചെയ്യുക.

**10. പ്രസക്തമായ മറ്റ് അറിയിപ്പുകൾ**

നമ്മുടെ പുരോഹിതർ, സന്യസ്തർ, ദൈവജനം ഇവരുടെ ഉപയോഗത്തിനായുള്ള പ്രാർത്ഥനാ പുസ്തകം അച്ചടിക്കുന്നതിനെക്കുറിച്ച് പരി. കാതോലിക്കാബാവ സുന്നഹദോസ് പിതാക്കന്മാരെ ബോദ്ധ്യപ്പെടുത്തി.

ഇംഗ്ലണ്ടിൽ നമുക്ക് ഒരു മിഷൻ തുടങ്ങുന്നതിന്റെ സാദ്ധ്യതകൾ അന്വേഷിക്കുവാൻ ബഹു. മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായെ നിയോഗിക്കുന്നതിനെക്കുറിച്ചും കാതോലിക്കാബാവ പ്രസ്താവിക്കുകയുണ്ടായി.

## സമാപനം

പ്രഥമ സുന്നഹദോസിന്റെ സമാപന സമ്മേളനം ആഗസ്റ്റ് 18-ാം തീയതി വെള്ളിയാഴ്ച 2.30 ന് ആരംഭിച്ചു. അത്മായരുടെ സജീവമായ ഭാഗഭാഗിത്വം, സഭയിൽ വൈദികരുടെ അലവൻസ്, ഭദ്രാസനങ്ങളിൽ ഒരു ഏക വൈദിക ജഡ്ജി മാത്രമുള്ള സഭാകോടതി സംവിധാനം തുടങ്ങി സഭാപരമായ വിവിധ സംഗതികളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. മാത്രമല്ല, വീണ്ടും ജനുവരി 6-ാം തീയതിയോടുകൂടി ഒരു സുന്നഹദോസ് സമ്മേളിക്കുന്നതിനുള്ള താല്ക്കാലികമായ ഒരു തീരുമാനത്തിൽ പിതാക്കന്മാർ എത്തിച്ചേരുകയും ചെയ്തു.

സമാപന പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് തന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സുന്നഹദോസ് പിതാക്കന്മാർ എല്ലാവരും തങ്ങളുടെ പ്രാർത്ഥനാ നിർഭരമായ സഹായം പിതാവിനെ അറിയിച്ചു. സഭാ നിർമ്മിതിയിൽ തന്നോടൊപ്പം സന്നിഹിതരായ പിതാക്കന്മാർ ഓരോരുത്തരുടേയും സാന്നിദ്ധ്യത്തിനും, സഹകരണത്തിനും, പിൻതുണയ്ക്കുമായി സുന്നഹദോസ് പിതാക്കന്മാർ ഓരോരുത്തർക്കും, കാതോലിക്കാ ബാവ തിരുമേനി കൃതജ്ഞത അർപ്പിച്ചു.

അതോടൊപ്പം സുന്നഹദോസിന്റെ വിജയപ്രദമായ നടത്തിപ്പിനായി പ്രവർത്തിച്ചവരായ - സുന്നഹദോസിന്റെ മിനിട്ട്സ് രേഖപ്പെടുത്തിയ വൈസ് ചാൻസിലർ

ബഹു. ജോൺ കൊച്ചുതുണ്ടിലച്ചൻ, ഓഫീസ് സെക്രട്ടറി റവ.സി. ആർദ്ര എസ്. ഐ.സി., ഫിനാൻസ് ഓഫീസർ റവ.ഫാ. ജോസ് കിഴക്കേടത്ത് എന്നിവർക്കും പ്രത്യേകമായ നന്ദി അറിയിച്ചു.

മലങ്കര സഭയ്ക്ക്, ആഗോള സഭയിലൂടെ കൈവന്ന ദൈവകൃപയ്ക്ക് തങ്ങളെ ത്തന്നെ പൂർണ്ണമായി സമർപ്പിക്കുവാനും, സഭയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വ ങ്ങൾ ഭരമേൽക്കുവാൻ തങ്ങളെത്തന്നെ കടപ്പെടുത്തുവാനും ആഹ്വാനം ചെയ്ത കാതോലിക്കാബാവ, സുന്നഹദോസ് തീരുമാനങ്ങൾ ഇന്നത്തെ നമ്മുടെ സഭയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും, പുരോഗതിയ്ക്കും, സാമൂഹ്യസേവനത്തിനും ഉപയുക്തമായ രീതിയിൽ പരിണമിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കണമെന്ന് എടുത്തു പറഞ്ഞു.

അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് നയിച്ച പ്രത്യേകമായ പ്രാർത്ഥന യോടുകൂടി - പരിശുദ്ധ കാതോലിക്കാ ബാവായുടെ ശ്ശൈഹിക ആശീർവാദത്തോ ടുകൂടി രണ്ടു ദിവസങ്ങളിലായി കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിച്ച മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ എപ്പിസ്കോപ്പൽ സുന്നഹദോസ് സമംഗളം പര്യ വസാനിച്ചു.

**മോസ്റ്റ് റവ. തോമസ് മാർ കൂറിലോസ്**
സുന്നഹദോസ് സെക്രട്ടറി

**റവ. ഫാ. ജോൺ കൊച്ചുതുണ്ടിൽ**
വൈസ് ചാൻസലർ

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTER, TRIVANDRUM- 695 004, KERALA INDIA

## THE FIRST HOLY EPISCOPAL SYNOD
**(16th to 18th August 2005)**

## DECISIONS

1. To constitute the Ordinary Synod of the Syro-Malankara Catholic Church as follows:
    a. All the bishops of the Syro-Malankara Catholic Church, Auxiliary and Emiritus, shall be the members of the Ordinary Episcopal Synod.
    b. The name of this Synod is Malankara Catholic Episcopal Synod (MCES).
    c. A statute for MCES has to be formulated, in which the organization and function of the Synod would be elucidated.
2. To Constitute the Permanent Synod with the following members:

| | |
|---|---|
| President: | (1) His Beatitude Moran Mor Cyril Baselios |
| Elected Members: | (2) Most Rev. Isaac Mar Cleemis |
| | (3) Most Rev. Geevarghese Mar Divannasios |
| | (4) Most Rev. Yoohanon Mar Chrysostom |
| Nominated Member: | (5) Most Rev. Thomas Mar Koorilos |

3 To constitute a committee to prepare the the statutes of the MCES, the Permanent Synod, Curia and Tribunals. The following are the members of the commission:

| | | |
|---|---|---|
| President | : | Most Rev. Thomas Mar Koorilos |
| Vice President | : | Most. Rev. Joshua Mar Ignathios |
| Members | : | Rev. Dr. Antony Valiyavilayail OIC |
| | | Rev. Dr. John Kochuthundil |

This commission has to prepare the draft of the aforesaid Statutes within three months.

4. To constitute 18 Synodal Commissions to assist the Synod and the Church in co-ordinating the various apostolic activities of the Church. It was

decided that every Commission would be headed by a Chairman, who should be a bishop, assisted by a Secretary. The Chairman is to be elected by the Synod and the Catholicos would issue the letter of appointment. The secretaries of each commission would be selected by the chairman and would be appointed by the Catholicos. It was left to the Chairmen to select the consultants of their respective commissions. With regard to the selection of the consultants, the Chairmen should consult the concerned departments in each eparchy. Statutes are to be drafted for the organization and functioning of these Commissions. As a general norm it was proposed that each commission should have a corresponding commission in the eparchial level and their directors or president should be included among the consultants. It was specially noted that the participation of our faithful outside Kerala and outside India should be ensured. The term of the commission is fixed for a period of five years. The commissions were proposed according to the needs of the Church in the modern times.

5. To constitute an Expert Group for Drafting the Particular Law from among the members of the existing General Body and to complete the codification as early as possible.

6. To Construct a Catholicate Centre and the Major Archiepiscopal Curia at the location where the first house of Archbishop Mar Ivanios at Pattom, Trivandrum, was set up. The responsibility of raising the fund was entrusted to the Catholicos. Funds are to be raised from Bishops, Dioceses (through collection from Parishes), Priests, Religious Institutes, Secular Institutions, Priests (Diocesan & Religious) working abroad, Sisters working abroad, Individuals and other Funding agencies. The proposed eparchial contribution would be: Trivandrum Rs. 25,00000/- + 2 acres of land (estimated to cost Rs. 4 Crores); Tiruvalla - Rs. 15,00000/-; Bathery- Rs.10,00000/-; Marthandom - Rs. 5,00000/-; and Muvattupuzha - Rs. 8,00000/-. The total amount expected from this sector is Rs. 63,00000/.The contribution expected from priests per head would be a minimum of Rs.1000/- or 10 Holy Qurbono intentions absolved in favour of the Catholicate Centre. The priests (diocesan and religious) and Rev. Sisters who are working abroad should contribute one-month salary to this noble cause.

7. The title “Malankara” given to the publication of the Acts of the Holy Synod of the Syro-Malankara Catholic Church was confirmed.

8. Not to consider unauthorized letters need to Synod. Any application from any institution or person should be presented to the Synod only with the

knowledge of the concerned Eparchial Bishop unless it is a matter concerning the Bishop himself.

9. The decision of the preparatory Synod that the hierarchical head of the Syro-Malankara Catholic Church, being its father and head shall be called "Catholicos", according to our Syro-Antiochene and Malankara traditions, was further endorsed by this First Canonical Synod of the Malankara Catholic Church. In this title he exercises the office of the Major Archbishop in accordance with the common law and the particular law of the Malankara Church.

10. To reinstate the traditional permanent diaconate in the Syro-Malankara Catholic Church. For this proper norms and regulations should be formulated in our particular law.

11. To fix the value of goods for alienation at various levels of ecclesial administration. In the alienation of temporal goods, if the amount exceeds one million US Dollars, the permission of the Holy Synod of our Church is required. The minimum amount referred in CCEO canon 1036 # 1 for alienation of properties is fixed to US $ 50,000/- which the Eparchial Bishop may sanction by himself, and for the alienation of any amount up to 1 million dollars the consent of the finance council and college of eparchial consultors is required.

12. To address all our Bishops His Excellency Most Reverend rather than His Excellency Right Reverend.

13. To publish a complete prayer book for our laity and another for our priests and religious.

## സീറോ മലങ്കര കാത്തോലിക്കാ സഭ
## മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ.

### പ്രഥമ സുന്നഹദോസ്

**(16 – 18 ആഗസ്റ്റ് 2005)**

## തീരുമാനങ്ങൾ

1. മലങ്കര സഭയുടെ സാധാരണ സുന്നഹദോസ് സംവിധാന ക്രമീകരണം

(a) സീറോ മലങ്കര കത്തോലിക്കാ സഭയിലെ അതിഭദ്രാസന-ഭദ്രാസന മേലദ്ധ്യക്ഷന്മാർ, സഹായമെത്രാന്മാർ, ഭദ്രാസന ചുമതലയിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെ എല്ലാ മെത്രാന്മാരും മലങ്കര സഭയുടെ സാധാരണ സുന്നഹദോസ് അംഗങ്ങളായിരിക്കും.

(b) ഈ സുന്നഹദോസിന്റെ നാമം-മലങ്കര കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എന്നതത്രെ (MCES)

(c) മലങ്കര കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനായുള്ള നിയമങ്ങളുടെ ക്രോഡീകരണം. അതിൽ സുന്നഹദോസിന്റെ സംവിധാനവും, പ്രവർത്തനങ്ങളും വ്യക്തമാക്കേണ്ടതുണ്ട്.

2. സ്ഥിര സുന്നഹദോസ് സംവിധാനം - താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | - | മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ |
| തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ | - | മോസ്റ്റ് റവ. ഐസക് മാർ ക്ലീമ്മീസ് |
| | - | മോസ്റ്റ് റവ. ഗീവറുഗീസ് മാർ ദിവന്നാസിയോസ് |
| | - | മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം |
| നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം | - | മോസ്റ്റ് റവ. തോമസ് മാർ കൂറിലോസ് |

3. സ്ഥിര സിനഡ് , കൂരിയാ, സഭാ നിയമ കോടതികൾക്കാവശ്യമായ നിയമനിർമ്മാണത്തിനായിട്ടുള്ള പ്രത്യേക സമിതിയുടെ രൂപീകരണം. ഇതിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

| | | |
|---|---|---|
| പ്രസിഡന്റ് | - | മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് |
| അംഗങ്ങൾ | - | റവ.ഡോ. ആന്റണി വലിയവിളയിൽ ഒ.ഐ.സി. |
| | - | റവ.ഡോ. ജോൺ കൊച്ചുതുണ്ടിൽ |

മൂന്നു മാസത്തെ സമയപരിധിക്കുള്ളിൽ ഈ കമ്മിറ്റി മുകളിൽ പ്രസ്താവിച്ച സംവിധാനങ്ങൾക്ക് നിയമനിർമ്മാണം നടത്തേണ്ടതാണ്.

4. മലങ്കര സഭയെയും, സുന്നഹദോസിനെയും പ്രേഷിതപരമായ കാര്യങ്ങളിൽ സഹായിക്കുവാൻ ഉതകുന്ന 18 കമ്മീഷനുകളുടെ രൂപീകരണം. ഓരോ കമ്മീഷന്റെയും അദ്ധ്യക്ഷൻ ഒരു മെത്രാനായിരിക്കും. അദ്ദേഹത്തെ സഹായിക്കുന്നതിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കും. അദ്ധ്യക്ഷനെ സിനഡ് തെരഞ്ഞെടുക്കുകയും, കാതോലിക്കാ ബാവ നിയമന കല്പന നൽകുകയും ചെയ്യും. സെക്രട്ടറിയെ തെരഞ്ഞെടുക്കുന്നത് പ്രസ്തുത കമ്മീഷന്റെ ചുമതലയുള്ള മെത്രാനായിരിക്കും. എന്നാൽ തത്സ്ഥാനത്തേക്ക് ഔദ്യോഗികമായി നിയമിക്കുന്നത് കാതോലിക്കാബാവാ ആയിരിക്കും. ഓരോ കമ്മീഷനിലേക്കും അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് അതാതു കമ്മീഷന്റെ അദ്ധ്യക്ഷൻ ആയിരിക്കും. അതുപോലെ ഓരോ കമ്മീഷനുകളിലേക്കുമുള്ള അംഗങ്ങളെ തെരഞ്ഞെടുക്കും മുമ്പ് അതത് ഭദ്രാസനങ്ങളിലുള്ള കാര്യാലയങ്ങളുമായി ആലോചിക്കേണ്ടതാണ്. ഈ കമ്മീഷനുകളുടെ നടത്തിപ്പിനും പ്രവർത്തനത്തിനും വേണ്ട നിയമങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. ഒരു പൊതു ധാരണയെന്ന നിലയിൽ ഓരോ കമ്മീഷനും സമാന്തര കമ്മീഷൻ അതത് ഭദ്രാസനങ്ങളിൽ രൂപീകരിക്കേണ്ടതുണ്ട്. ഭദ്രാസന തലത്തിലുള്ള ഡയറക്ടേഴ്സ്, പ്രസിഡന്റ്സ് എന്നിവരെ സിനഡൽ കമ്മീഷനുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അതുപോലെ സഭാ പരിധിക്കു പുറത്തും, ഇന്ത്യയ്ക്കു പുറത്തും ഉള്ള നമ്മുടെ വിശ്വാസികളെ പ്രതിനിധീകരിച്ചുള്ള അംഗങ്ങളുടെ ഭാഗഭാഗിത്വവും കമ്മീഷനുകളിൽ ഉറപ്പാക്കേണ്ടതാണ്. കമ്മീഷനുകളുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. സഭയുടെ ആനുകാലിക ആവശ്യങ്ങളെ മുമ്പിൽ കണ്ടുകൊണ്ടാണ് കമ്മീഷന്റെ രൂപീകരണം.

5. സഭയുടെ പ്രത്യേക നിയമസംഹിതയുടെ ദ്രുത ക്രോഡീകരണത്തിനായി, ഇപ്പോൾ നിലവിൽ ഉള്ള ജനറൽബോഡിയിൽ നിന്നും ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുക.

6. പട്ടത്ത് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ (അരമന) സ്ഥിതി ചെയ്യുന്നിടത്ത്, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾക്കായുള്ള കെട്ടിടം നിർമ്മിക്കുക. ഇതിന്റെ ധനശേഖരണ പ്രക്രിയയുടെ ഉത്തരവാദിത്വം പരി. കാതോലിക്കാ ബാവായ്ക്ക് ആയിരിക്കും. മെത്രാന്മാരിൽ നിന്നും, ഇടവകകളിൽ നിന്നും, വൈദികരിൽ നിന്നും, സന്യസ്തരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും, സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, വിദേശങ്ങളിൽ ജോലി ചെയ്യുന്ന വൈദികർ, സിസ്റ്റേഴ്സ്, വ്യക്തികൾ, മറ്റു ഏജൻസികൾ ഇവരിൽ നിന്നും ആണ് ധനശേഖരണം പ്രതീക്ഷിക്കുന്നത്. ഓരോ ഭദ്രാസനത്തിൽ നിന്നും പ്രതീക്ഷിക്കുന്ന തുക ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - Rs.25,00000/. കൂടാതെ രണ്ട് ഏക്കർ ഭൂമിയും. ( 4 കോടി രൂപ വില മതിക്കുന്നത്). തിരുവല്ല - Rs.15,00000/-, ബത്തേരി - Rs.10,00000/-, മാർത്താണ്ഡം- Rs.5,00000/-, മൂവാറ്റുപുഴ -Rs.8,00000/- ഈ വിഭാഗത്തിൽ പ്രതീക്ഷിക്കുന്ന തുക - Rs.63,00000/- വൈദികർ ഓരോരുത്തരിൽ നിന്നും ആളാംപ്രതി പ്രതീക്ഷിക്കുന്നത് കുറഞ്ഞത് Rs.1,000/- രൂപ അല്ലെങ്കിൽ കാതോലിക്കേറ്റ് സെന്ററിന്റെ നിയോഗത്തിൽ അർപ്പിക്കുന്ന 10 വിശുദ്ധ കുർബാന അത്രെ. വിദേശത്തു ജോലി ചെയ്യുന്ന ബഹു. വൈദികരും, സിസ്റ്റേഴ്സും, മഹത്തായ ഈ പദ്ധതിയിലേക്ക് തങ്ങളുടെ ഒരു

മാസത്തെ ശമ്പളം നൽകേണ്ടതത്രെ.

7. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ (കാതോലിക്കേറ്റ് സെന്റർ) ൽ നിന്നും പ്രസിദ്ധീകരിക്കുന്ന സുന്നഹദോസ് നടപടി വാർത്താപത്രത്തിന് "MALANKARA" എന്ന ശീർഷകം സ്ഥിരീകരിച്ചു.

8. വ്യക്തികളിൽ നിന്നും - ഭദ്രാസന മെത്രാനെപ്പറ്റിയല്ലെങ്കിൽ - സ്ഥാപനങ്ങളിൽ നിന്നും സുന്നഹദോസിലേക്ക് അയയ്ക്കുന്ന കത്തുകൾ അതതു ഭദ്രാസനാധിപന്റെ അറിവോടുകൂടി മാത്രമേ, സുന്നഹദോസിൽ അവതരിപ്പിക്കുവാൻ പാടുള്ളൂ. പേരു വയ്ക്കാത്ത കത്തുകൾ സുന്നഹദോസിൽ സ്വീകരിക്കേണ്ടതില്ല.

9. പ്രാരംഭ സുന്നഹദോസിൽ പരിചിന്തനം ചെയ്ത പ്രകാരം മലങ്കര സഭാദ്ധ്യക്ഷൻ സഭയുടെ പിതാവും തലവനും എന്ന നിലയിൽ അന്ത്യോക്യൻ-മലങ്കര പാരമ്പര്യപ്രകാരം കാതോലിക്കോസ് എന്നു വിളിക്കപ്പെടണം. ഈ ശീർഷകത്തിലായിരിക്കും പൊതു കാനോനകൾക്കും മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക കാനോനകൾക്കും വിധേയനായി മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ അദ്ദേഹം തന്റെ ഔദ്യോഗിക സ്ഥാന അവകാശങ്ങളും കടമകളും നിർവ്വഹിക്കുക.

10. സഭയിൽ നിലവിലുണ്ടായിരുന്ന സ്ഥിര ഡീക്കൻ പദവി പുനഃസ്ഥാപിക്കുക. ആയതിലേക്ക് ആവശ്യമായ നിയമങ്ങൾ, നമ്മുടെ പ്രത്യേകമായ കാനൻ നിയമത്തിൽ ഉൾപ്പെടുത്തുക.

11. സഭാ ഭരണത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവർക്ക് വസ്തുവകകൾ അന്യാധീനപ്പെടുത്തുന്നതിനെക്കുറിച്ചുള്ള തീരുമാനങ്ങൾ സുന്നഹദോസ് കൈക്കൊണ്ടു. CCEO Canons 1035-1042 വരെയുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സഭയുടെ സ്വത്തുക്കളുടെ അന്യാധീനപ്പെടുത്തലിനെക്കുറിച്ചുള്ള ചർച്ചകൾ സിനഡിൽ നടന്നു. അതിൻപ്രകാരം താഴെപറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

- അന്യാധീനപ്പെടുത്തുന്ന വസ്തുക്കളുടെ വില ഒരു കോടി ഡോളറിനു മുകളിൽ ആയാൽ അതിന് പ. സുന്നഹദോസിന്റെ സമ്മതം ആവശ്യമാണ്.

- കാനൻ നിയമം 1036 Paragraph-1 ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓരോ ഭദ്രാസനത്തിനും US ഡോളർ 50,000/- വരെ വിലപിടിപ്പുള്ള വസ്തുക്കൾ അന്യാധീനപ്പെടുത്തുന്നതിന് ഭദ്രാസനാധിപന്റെ അനുമതി മതിയാകും. എന്നാൽ 50,000 - US ഡോളറിനു മുകളിൽ ഒരു കോടി ഡോളർ വരെ വിലയുള്ള വസ്തുക്കളുടെ അന്യാധീനപ്പെടുത്തലിന് ഭദ്രാസന ധനകാര്യ സംഘത്തിന്റെയും ഉപദേശക സമിതിയുടെയും സമ്മതം ആവശ്യമത്രെ.

12. നമ്മുടെ മെത്രാന്മാരെ His Excellency Right Reverend എന്നതിനു പകരം His Excellency Most Reverend എന്നായിരിക്കും സംബോധന ചെയ്യുക.

13. ബഹു. വൈദികർ, സന്യസ്തർ, നമ്മുടെ വിശ്വാസികൾ ഇവരുടെ ഉപയോഗത്തിന് ഉപയുക്തമായ പ്രാർത്ഥനാപുസ്തകം അച്ചടിച്ചു പ്രസിദ്ധീകരണം ചെയ്യുന്നതിനും ഈ സുന്നഹദോസ് തീരുമാനിച്ചു.

## മലങ്കര കത്തോലിക്കാ സഭയുടെ
## പ്രഥമ പരി. സുന്നഹദോസിൽ
## പരിശുദ്ധ കാതോലിക്കാ ബാവായുടെ സമാപന സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരെ,

മലങ്കര കത്തോലിക്കാ സഭയുടെ സുന്നഹദോസിന്റെ ആദ്യ സമ്മേളനത്തിൽ ആണല്ലോ നമ്മൾ ഈ ദിവസങ്ങളിൽ പങ്കാളികളായത്. സഭയെ നയിക്കുവാനുള്ള ഉത്തരവാദിത്വം ബലഹീന ദാസരായ നമ്മെ ദൈവം പ്രത്യേകമായി ഭരമേൽപ്പിച്ചിരിക്കുകയാണ്. നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തിൽ നമ്മെ ശക്തരാക്കുന്ന പരിശുദ്ധാത്മശക്തി, ദൈവ സാന്നിദ്ധ്യം നമുക്ക് ഈ ദിവസങ്ങളിൽ അനുഭവമായിരുന്നുവല്ലോ.

സ്വയം ഭരണാവകാശമുള്ള ഒരു അപ്പസ്തോലിക സഭയായി സാർവ്വ ലൗകീക അംഗീകാരം നമുക്ക് ലഭിച്ചു. അതിന് അനുയോജ്യമായി സഭയുടെ ദർശനവും ദൗത്യവും സഭാ സംവിധാനങ്ങളിൽ രൂഢമൂലമാക്കാനുള്ള ഒരു ശ്രമമാണ് നമ്മൾ ഈ ദിവസങ്ങളിൽ നടത്തിയത്. സഭയുടെ സാധാരണ പൊതു സുന്നഹദോസ്, സ്ഥിര സുന്നഹദോസ് നീതി നിർവ്വഹണത്തിനുള്ള കോടതികൾ ഇവ നമ്മൾ സ്ഥാപിച്ചു. സഭയുടെ അജപാലന ശുശ്രൂഷയിൽ സഭാ മക്കളുടെ സമ്പൂർണ്ണ ഭാഗഭാഗിത്വം ഉണ്ടാകത്തക്കവണ്ണം എല്ലാ ജീവിതാന്തസ്സിലുമുള്ള സഭാ അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തത്തക്കവണ്ണമാണ് വിവിധ സഭാ ശുശ്രൂഷാ തലങ്ങളിലുള്ള സിനഡൽ കമ്മീഷനുകൾ നാം രൂപീകരിക്കുന്നത്.

കാലോചിതമായി മനുഷ്യ സമൂഹത്തിന്റെ മുഴുവൻ ശുശ്രൂഷകയായി സഭ പരിണമിക്കുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ദൗത്യം നിർവ്വഹിക്കപ്പെടുന്ന നമ്മുടെ നാട്ടിൽ നമ്മുടെ സഭയെ ഒരു ചാലക ശക്തിയായി നാം പൂർണ്ണമാക്കേണ്ടതുണ്ട്. മനുഷ്യ സമൂഹത്തിന്റെ സമഗ്ര വളർച്ച ലക്ഷ്യം വച്ചുകൊണ്ട് സുവിശേഷ ചൈതന്യത്തിൽ മുന്നേറുവാൻ നമുക്ക് മലങ്കര കത്തോലിക്കാ സഭയെ രൂപാന്തരപ്പെടുത്താം. എല്ലാ സുന്നഹദോസ് സംവിധാനങ്ങളും അതിന് ഉപയുക്തമാകട്ടെ.

പൊതു ഇടയ ലേഖനത്തിലൂടെ നമ്മുടെ സഭാംഗങ്ങളുടെ മുഴുവൻ പ്രാർത്ഥ

നയും ഈ സുന്നഹദോസിന്റെ വിജയത്തിനായി അഭ്യർത്ഥിച്ചിരുന്നല്ലോ.

സുന്നഹദോസിലുള്ള വന്ദ്യ പിതാക്കന്മാരുടെ സജീവമായ പങ്കാളിത്തത്തിനും ദൈവജനത്തിന്റെ നിരന്തരമായ പ്രാർത്ഥനയ്ക്കും ഞാൻ പ്രത്യേകം നന്ദി അറിയിക്കുന്നു.

സഭയിലും സമൂഹത്തിലും സമഗ്രമായ വളർച്ചയുടെയും ഐക്യത്തിന്റേയും സന്ദേശ വാഹകരായി നമുക്ക് മുന്നേറാം.

ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ**

## THE VALEDICTORY MESSAGE BY HIS BEATITUDE, THE CATHOLICOS AT THE FIRST SYNOD OF THE MALANKARA CATHOLIC CHURCH

Most Reverend Synod Fathers,

These days, we were participating in the first Synod of the Malankara Catholic Church. God has entrusted us, his weak servants, the task to guide the Church. We have experienced these days the presence of the Holy Spirit who strengthens us and the presence of the God amidst us.

We obtained a universal recognition as a self-governing apostolic Church. In accordance with it, we were endeavoring to establish the structures of our Church that manifest her vision and mission. We have instituted the Ordinary Synod, the Permanent Synod and the tribunals for the administration of justice in our Church. We are instituting the Synodal Commissions for the service of the Church to enable the full participation of our Christian Faithful, ensuring the representation of the different states of life.

The Church evolves itself to the service of the entire humanity according to the needs of the time. The Malankara Catholic Church has to be perfected as a dynamic force in this land where the mission of our Church is accomplished. We shall transform the Malankara Catholic Church to march forward in the spirit of the Gospel to serve the integral growth of the human community. May our synodal structures be helpful for this.

We had requested the prayers of all the members of our Church towards the success of the Synod. I convey my gratitude to the Most Reverend Bishops for their active participation and the People of God for their continuous prayers. We shall be heralds of holistic growth and development in the Church and the human community.

May God bless us all.

**Moran Mor Cyril Baselios Catholicos**

## Press Release

### മലങ്കര കത്തോലിക്കാ
### എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര കത്തോലിക്കാസഭ സ്വയംഭരണാവകാശമുള്ള ഒരു വ്യക്തിഗതസഭയായി ഉയർത്തപ്പെട്ടതിനുശേഷം അതിന്റെ ആദ്യത്തെ ഔദ്യോഗികമായ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആരംഭിക്കുന്നു. സുന്നഹദോസ് ആഗസ്റ്റ 16 മുതൽ 19 വരെ തിരുവനന്തപുരത്തെ കാതോലിക്കേറ്റ് ആസ്ഥാനത്തു വച്ച് നടക്കുന്നതാണ്. കഴിഞ്ഞ മെയ് 14-ന് നടന്ന കാതോലിക്കാ സ്ഥാനാരോഹണത്തിനു ശേഷം നടക്കുന്ന പ്രഥമ ഔദ്യോഗിക സുന്നഹദോസ് എന്ന നിലയിൽ ഈ സുന്നഹദോസ് വളരെ പ്രാധാന്യമർഹിക്കുന്നു. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട മലങ്കര കത്തോലിക്കാസഭ ഇനിയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് കൂട്ടായ്മയിലും നേതൃത്വത്തിലും ദൈവിക ശുശ്രൂഷ നിർവ്വഹിക്കും.

പൊതു സിനഡ്, സ്ഥിര സിനഡ് ഇടവകകളുടെ സംവിധാനം, വിവിധ കമ്മീഷനുകളുടെ രൂപീകരണം, വിവിധ സഭാകോടതികളുടെ നിയമാവലിയുടെ രൂപീകരണം, മറ്റു സുപ്രധാന കാര്യങ്ങൾ തുടങ്ങിയ അടിയന്തിര വിഷയങ്ങൾ ഈ സുന്നഹദോസിൽ ചർച്ചയ്ക്ക് വിധേയമാകും. മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സുന്നഹദോസിൽ സഭയിലെ എല്ലാ മെത്രാൻമാരും സംബന്ധിക്കും.

**+ ബിഷപ്പ് തോമസ്സ് മാർ കൂറിലോസ്**
എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി

15-8-2005

## Press Release

### MALANKARA CATHOLIC CHURCH EPISCOPAL SYNOD CONVOKED

The Malankara Catholic Church, after its elevation to the status of a fully autonomous Church, holds its First Canonical Episcopal Synod. The Synod is held from 16 to 19 August 2005 at the Catholicate Centre in Thiruvananthapuram. This Synod assumes special significance as the first Canonical Synod after the enthronement of the Major Archbishop Catholicos on 14 May 2005. The Malankara Catholic Church raised to the Major Archiepiscopal status now continues its mission and service under the guidance of the Holy Episcopal Synod.

The structuring of the Ordinary Synod, the Permanent Synod, the formation of various commissions and tribunals of the Church and other important matters are there on the agenda of the Holy Synod. All the Bishops of the Church participate in the Synod presided over by His Beatitude Moran Mor Cyril Baselios Catholicos, the head of the Malankara Catholic Church.

+ **Bishop Thomas Mar Koorilos**
Secretary, Episcopal Synod.

15-8-2005

## Press Release

### മനുഷ്യസമൂഹത്തിന്റെ സമഗ്രവളർച്ച ഉന്നം വെയ്ക്കുന്ന മലങ്കര കത്തോലിക്കാ സഭ

മനുഷ്യസമൂഹത്തിന്റെ മുഴുവന്റെയും സമഗ്രവളർച്ച ലക്ഷ്യം വെച്ചുകൊണ്ട് സുവിശേഷ ചൈതന്യത്തിൽ മുന്നേറാനുള്ള മലങ്കര കത്തോലിക്കാ സഭയുടെ ആദ്യത്തെ ഔദ്യോഗിക എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. സഭയുടെ ആസ്ഥാനമായ തിരുവനന്തപുരത്തെ മലങ്കര കാതോലിക്കേറ്റ് സെന്ററിൽ കഴിഞ്ഞ 16,17 തീയതികളിൽ നടന്ന സുന്നഹദോസ് സഭയുടെ പരമാദ്ധ്യക്ഷൻ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. സഭയിലെ എല്ലാ മെത്രാന്മാരും സുന്നഹദോസിൽ പങ്കെടുത്തു. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ ഓഫീസ് മുറിയിലാണ് പ. സുന്നഹദോസ് നടന്നത്. പട്ടം സെന്റ് മേരീസ് അതിഭദ്രാസന ദൈവാലയത്തിൽ ഭാഗ്യസ്മരണാർഹനായ പിതാക്കന്മാരുടെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയോടെ സുന്നഹദോസിലേക്ക് പ്രവേശിച്ചു. സമൂഹ നന്മയ്ക്കായി മലങ്കര കത്തോലിക്കാ സഭയ്ക്ക് ആഗോള സഭയിലൂടെ ദൈവം നൽകിയ വലിയ ഉത്തരവാദിത്വത്തെ സഭാമക്കൾ ഒരു നിയോഗമായി ഏറ്റെടുക്കണമെന്ന് കാതോലിക്കാ ബാവാ ഉദ്ബോധിപ്പിച്ചു. സഭയിൽ അടിയന്തിരമായി നിലവിൽ വരുത്തേണ്ട നൈയാമികവും, അജപാലനപരവും സാമൂഹ്യവുമായ വിഷയങ്ങളാണ് സുന്നഹദോസിൽ ചർച്ച ചെയ്യപ്പെട്ടത്.

സഭയുടെയും സമൂഹത്തിന്റെയും സമഗ്ര പുനരുദ്ധാരണത്തിനായി മെത്രാൻമാർ ചുമതല വഹിക്കുന്ന 18 കമ്മീഷനുകൾ സ്ഥാപിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ - ആരാധനക്രമം
2. റവ.ഡോ. ഐസക് മാർ ക്ലീമ്മീസ് - യുവജനങ്ങൾ, സഭൈക്യം, സംവാദം, സുവിശേഷ വൽക്കരണം
3. റവ.ഡോ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് - കുടുംബം, അത്മായ-ഭക്ത സംഘടനകൾ
4. റവ.ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം - ബൈബിൾ പ്രേഷിതത്വം, പുരോഹിതർ, സന്യസ്തർ
5. റവ.ഡോ. തോമസ് മാർ കൂറിലോസ് - വിശ്വാസ പരിശീലനം, ദൈവശാസ്ത്രവും പ്രസിദ്ധീകരണങ്ങളും, വൈദിക പരിശീലനം
6. റവ.ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് - വിദ്യാഭ്യാസം, ആരോഗ്യം, മാദ്ധ്യമങ്ങളും പൊതുവായ ആഘോഷങ്ങളും, സാമൂഹ്യക്ഷേമവും ദളിത് ക്രിസ്ത്യാനികളും
7. റവ.ഡോ. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് - ദൈവവിളി
8. റവ.ഡോ. ജോസഫ് മാർ തോമസ് - ഇന്ത്യയ്ക്ക് പുറത്തുള്ള സഭാമക്കളുടെ അജപാലനം

**+ ബിഷപ്പ് തോമസ്സ് മാർ കൂറിലോസ്**

19-8-2005

എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി

## Press Release

### THE MALANKARA CATHOLIC CHURCH THAT AIMS AT THE HOLISTIC GROWTH OF THE HUMAN COMMUNITY

With the call to go forward aiming at the holistic growth of the human community in the spirit of the Gospels, the first canonical Episcopal Synod of the Malankara Catholic Church has concluded. His Beatitude Cyril Baselios Catholicos, the Head of the Malankara Catholic Church presided over the Synod held on 16, 17 and 18 August at the Catholicate Centre in Thiruvananthapuram. All the Bishops of the Church participated in the Synod. The very office room of Archbishop Mar Ivanios, the initiator of the Reunion Movement, was converted as the Synod Hall. After paying homage and special prayers at the tombs of the Bishops of venerable memory in St. Mary's Metropolitan Church, the Synod commenced after a special prayer service session. The Catholicos invited the Synodal Fathers and the people of the Church as a whole to rise up and shoulder the particular obligations and grace entrusted to the Malankara Catholic Church through the Universal Church. The Synod discussed the urgent canonical, pastoral and social structures that are to be instituted in the Church.

For the holistic growth and service of the Church and the society eighteen synodal commissions headed by the bishops are instituted. They are:

- Liturgy commission headed by Moran Mor Cyril Baselios
- Commissions for the Youth, Ecumenism, Dialogue and Evangelisation headed by Bishop Isaac Mar Cleemis
- Commissions for Family, Laity and Pious Associations headed by Bishop Geevarghese Mar Divannasios
- Commissions for Bible Apostolate, Priests, Religious headed by Bishop Yoohanon Mar Chrysostom
- Commissions for Faith Formation, Theology and Publications, Priestly Formation headed by Bishop Thomas Mar Koorilos
- Commissions for Education, Health, Communication Media, Common Celebrations, Social Apostolate and Dalit Christians headed by Bishop Joshua Mar Ignathios
- Commission for Vocation headed by Bishop Geevarghese Mar Timotheos
- Commission for the Pastoral Care of the Faithful outside India headed by Bishop Joseph Mar Thomas



**Bishop Thomas Mar Koorilos**

19-8-2005 Secretary, Episcopal Synod

# DOCUMENTATIONS

## RESPONSES TO THE ORTHODOX CHURCH REACTIONS TO THE USE OF THE TITLE "CATHOLICOS" BY THE MAJOR ARCHBISHOP OF THE MALANKARA CATHOLIC CHURCH

*Pope John Paul II of venerable memory raised the Malankara Catholic Church to the status of a Major Archiepiscopal Church and appointed Moran Mor Cyril Baselios as its first Major Archbishop. Hence His Beatitude Moran Mor Cyril Baselios was proclaimed, accepted and enthroned as the Catholicos of the Malankara Catholic Church according to the tradition of our Church. This significant event in the life of the Malankara Catholic Church attracted the attention of the people of God world wide. However, the Malankara Orthodox Church in India unleashed a media campaign against this Church. Circumstances suggest that they tried to influence the Vatican offices. In a letter to Walter Cardinal Kasper, President of the Pontifical Commission for Promoting Christian Unity, the Orthodox Church tried to pressurize the commission communicating the decision "not to hold its dialogue with the Catholic Church, in the framework of the annual Joint International Commission for Theological Dialogue between the Catholic Church and the Malankara Orthodox Church". The interested parties circulated widely the content of the letter of reply from the Cardinal in the newspapers and in the international internet. Hence it became necessary for the Malankara Catholic Church to explain the matter to the Church and the people concerned.*

*The following documents are the copies of the press release at a press conference convened by the Major Archiepiscopal Curia, the letter to Cardinal Walter Kasper and the explanatory note given to the People of the Malankara Catholic Church and other Christian Faithful. These documents state the official position of the Malankara Catholic Church on the facts called to question.*

*Editors*

## Press Release

### സഭൈക്യ കാര്യാലയത്തിന്റെ തലവൻ കർദ്ദിനാൾ വാൾട്ടർ കാസ്പർ തിരുമേനിയുടെ കത്തിനുള്ള പ്രതികരണം

2005 ഫെബ്രുവരി 10-ാം തീയതി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും അതിന്റെ മേലദ്ധ്യക്ഷനെ ആ സഭയുടെ തലവനും പൊതു പിതാവുമായി നിയമിച്ചതിനെപ്പറ്റിയും വ്യക്തമായ ധാരണയില്ലാതെയുള്ള ചില പരാമർശങ്ങൾ വാർത്താമാധ്യമങ്ങളിൽ വരികയുണ്ടായി. ഇതിനു തക്കതായ വിശദീകരണം ആവശ്യമാണെന്നു ബോധ്യപ്പെട്ടിരിക്കുന്നു.

1930-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ മാർ ഈവാനിയോസ് പിതാവ് സാർവ്വത്രിക സഭാനേതൃത്വത്തോട് ആവശ്യപ്പെട്ടത് മലങ്കര സഭയുടെ പാരമ്പര്യമനുസരിച്ചുള്ള സ്വയംഭരണ സംവിധാനമാണ്. അന്ന് മലങ്കരയിലെ കാതോലിക്കാ ബാവാ തിരുമേനി പുനരൈക്യപ്പെടാതിരുന്നതിനാൽ മെത്രാപ്പോലീത്തൻ ഭരണസംവിധാനം നൽകിയാണ് പുനരൈക്യപ്പെട്ട മലങ്കര സഭയെ സ്വീകരിച്ചത്. കഴിഞ്ഞ എഴുപത്തഞ്ചുവർഷമായി തിരുസിംഹാസനവുമായി നിരന്തരമായി നടത്തിയ സമ്പർക്കത്തിന്റെ പരിണിതഫലമാണ് മലങ്കര കത്തോലിക്കാസഭയ്ക്ക് കൈവന്ന സ്വയംഭരണാവകാശ പൂർണ്ണതയും അതിന്റെ മേലദ്ധ്യക്ഷനെ സഭയുടെ തലവനും പൊതുപിതാവുമായി നിയമിച്ചതും.

സഭൈക്യ കാര്യാലയത്തിന്റെ പ്രസിഡന്റായ കർദ്ദിനാൾ വാൾട്ടർ കാസ്പർ തിരുമേനിക്ക് മലങ്കര ഓർത്തഡോക്സ് സഭ എഴുതിയ ഒരു കത്തിന്റെ മറുപടിയെ നിദാനമാക്കിയാണ് ഇപ്പോഴുള്ള പരാമർശങ്ങൾ കൂടുതൽ ഉയർന്നത്. ഈ പരാമർശങ്ങൾ അർദ്ധസത്യങ്ങളാണ് ഉൾക്കൊള്ളുന്നത്.

1. മലങ്കര കത്തോലിക്കാസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായും അതിന്റെ അദ്ധ്യക്ഷനെ മേജർ ആർച്ചുബിഷപ്പായും കാലം ചെയ്ത പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നിയമിച്ചു എന്നുള്ളത് വസ്തുതയാണ്. എന്നാൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെയും മേജർ ആർച്ചുബിഷപ്പിന്റെയും ശരിയായ അർത്ഥം കർദ്ദിനാൾ തിരുമേനി ശരിയായി പരാമർശിച്ചതായി കാണുന്നില്ല. മലങ്കര കത്തോലിക്കാസഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി എന്നു പറയുമ്പോൾ അതൊരു സ്വയംഭരണാവകാശമുള്ള ഒരു പ്രാദേശിക സഭയായി ആഗോള വ്യാപകമായ സഭയിൽ പരി. പിതാവ് ഉയർത്തി അധികാരം നൽകി എന്നാണ് അർത്ഥമാക്കുന്നത്. ആ സഭയെ ഭരിക്കുന്നതിനും നയിക്കുന്നതിനുമാണ് മേജർ ആർച്ചുബിഷപ്പ് എന്ന പദവിയിൽ മേലദ്ധ്യക്ഷനെ നിയമിച്ചിരിക്കുന്നത്. അദ്ദേഹം റോമിലെ പരിശുദ്ധപിതാവിന്റെ കീഴിൽ ആ സഭയുടെ തലവനും പൊതുപിതാവുമാണ്. "I am pleased to state that such a little testifies that Your Beatitude as the Head and Father of your Church and in

Hierarchical union with Holy Father, represents the supreme authority of the same Church" (Igance Cardinal Moussa Daoud, Prot.N. 11.805/10 May 2005) ഈ പദവിയാണ് മലങ്കരസഭയിൽ കാതോലിക്കോസ് എന്ന പദവികൊണ്ട് വിവക്ഷിക്കുന്നത്. കർദ്ദിനാൾ വാൾട്ടർ കാസ്പർ തിരുമേനി തന്റെ കത്തിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് റോമിൽ നിന്നും കാതോലിക്കോസ് പദവി നൽകിയിട്ടില്ല എന്ന് പറയുന്നു. അത് റോമിൽ നിന്നും നൽകേണ്ടതാണ് എന്നാണ് അദ്ദേഹം സങ്കല്പിക്കുന്നത്. ഇത് മറ്റെവിടെ നിന്നും ലഭിക്കേണ്ട ഒന്നല്ല. കാതോലിക്കോസ് സ്ഥാനത്തിന്റെ ചരിത്രം പുരാതനമാണ്. ഇന്ന് അഞ്ചുസഭകളിൽ ഈ പദവി ഉപയോഗിക്കപ്പെടുന്നു. മലങ്കര സഭയിലും അത് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

മെയ് 14-ാം തീയതി നടന്ന സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് ശേഷം നടന്ന പൊതു സമ്മേളനത്തിൽ മലങ്കര സഭയുടെ പാരമ്പര്യത്തെപ്പറ്റി സീറോ മലബാർ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ വ്യക്തമായി പരാമർശിക്കുകയുണ്ടായി. 'ഒന്നാമതായി മേജർ ആർച്ചുബിഷപ്പ് എന്നാണ് അദ്ദേഹത്തിന്റെ നിയമനമെന്നു വരികിലും നിങ്ങളുടെ പാരമ്പര്യപ്രകാരം തീർച്ചയായും നിങ്ങളുടെ പിതാവിനെ കാതോലിക്കാബാവാ എന്നു നിങ്ങൾക്കു വിളിക്കാം. ചിലർ ഇതിനു തടസ്സമുണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ അതൊന്നും വിജയിച്ചില്ല. കാരണം നിങ്ങളുടെ പാരമ്പര്യത്തിൽ മേജർ ആർച്ചുബിഷപ്പ് എന്നൊരു സ്ഥാനമില്ല. കാതോലിക്കാബാവായേ ഉള്ളൂ. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഏറ്റവും ഉചിതമായി നിങ്ങൾ വിളിക്കേണ്ടത് മേജർ ആർച്ചുബിഷപ്പ് എന്നല്ല, കാതോലിക്കാ ബാവാ എന്നു തന്നെയാണ്''. മറ്റൊരു കാര്യം കൂടി ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. പൗരസ്ത്യകാനൻ നിയമമനുസരിച്ച് മേജർ ആർച്ചുബിഷപ്പ് പാത്രിയർക്കീസിനടുത്ത എല്ലാ അധികാര അവകാശങ്ങളോടും കൂടിയ പദവിയാണ്. (CCEO 151-154). യഥാർത്ഥത്തിൽ മേജർ ആർച്ചുബിഷപ്പ് എന്ന സംജ്ഞ കാതോലിക്കോസ് എന്ന സംജ്ഞയിൽ ഉൾക്കൊണ്ടിരിക്കുന്ന അധികാര അവകാശങ്ങളേക്കാൾ ഉയർന്നതാണ്.

മലങ്കര സഭയിൽ മേജർ ആർച്ചുബിഷപ്പായി നിയമിക്കപ്പെടുന്ന മേലദ്ധ്യക്ഷൻ ആ സഭയുടെ കാതോലിക്കോസാണ്. അതിനാൽ മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ സിറിൽ മാർ ബസേലിയോസ് ആ സഭയുടെ കാതോലിക്കയാണ്.

മലങ്കര കത്തോലിക്കാസഭയെ മാർത്തോമാശ്ലീഹായുടെ പാരമ്പര്യത്തിൽ വളർന്നു പക്വത പ്രാപിച്ച ഒരു സഭയായി അംഗീകരിക്കുകയും ഈ അപ്പസ്തോലിക പാരമ്പര്യത്തിലാണ് ഈ സിംഹാസനം ഇവിടെ സ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നത് എന്നുള്ളത് പ്രത്യേകം പ്രസ്താവ യോഗ്യമാണ്. (Ref. Papal Bull, Prot. No. 570/809).

2. കർദ്ദിനാൾ വാൾട്ടർ കാസ്പർ തിരുമേനി അദ്ദേഹത്തിന്റെ കത്തിൽ കത്തോലിക്കാ സഭയുടെ കാനൻ നിയമത്തിൽ കാതോലിക്കോസ് എന്ന പദവി ഇല്ല എന്ന് പരാമർശിച്ചതായി പറയപ്പെടുന്നു. അദ്ദേഹം കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിട്ടല്ല ഇതു പറയുന്നത് എന്നുവേണം കരുതാൻ. കാരണം, കത്തോലിക്കാ സഭ

യിൽ ഒരു കാനൻ നിയമസംഹിതമാത്രമല്ലായുള്ളത്. കത്തോലിക്കാ സഭയിൽ ലത്തീൻ സഭയ്ക്കായി ഒരു കാനൻ നിയമം ഉണ്ട്. അതുപോലെ പൗരസ്ത്യ സഭകൾക്ക് പൊതുവായി ഒരു കാനൻ നിയമമുണ്ട്. ഈ പൊതുനിയമം 21 പൗരസ്ത്യ സഭകളെയും ഒരുപോലെ ബാധിക്കുന്നതാണ്. എന്നാൽ പൊതുവിൽ പരാമർശിക്കാതെയുള്ള നിയമാനുഷ്ഠാനങ്ങൾ ഓരോ പ്രാദേശിക സഭയ്ക്കും പൈതൃകമായുണ്ട്. ഒരു വ്യക്തിഗത സഭയെ സംബന്ധിച്ച്, പൊതുനിയമങ്ങളും ആ സഭയുടെ പ്രത്യേക കാനോനകളും ഒത്തുചേരുമ്പോഴാണ് ആ സഭയുടെ കാനോന പൂർണ്ണമാകുന്നത്. അഞ്ചു സഭകളിൽ കാതോലിക്കാസ്ഥാനം അവരുടെ പ്രത്യേക കാനോനകൾ അനുസരിച്ച് ഉപയോഗിച്ചുവരുന്നു. അതുകൊണ്ട് മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ച് സഭയുടെ പരമാദ്ധ്യക്ഷനായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായാണ് എന്നു പറയുന്നത് ആ സഭയുടെ കാനോനിക ചട്ട പ്രകാരമാണ്.

3. 2005 മെയ് 14-ാം തീയതി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന സ്ഥാനാരോഹണ ചടങ്ങുകളിൽ മാർപ്പാപ്പയുടെ പ്രതിനിധിയായി പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ മൂസാ ദാവൂദ്, ഇന്ത്യയിലെ മാർപ്പാപ്പയുടെ പ്രതിനിധി പെദ്രോ ലോപ്പസ് ക്വിന്താന തിരുമേനി, സീറോ മലബാർ സഭയുടെ അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ എന്നിവരും അനേകം മേല്പ്പട്ടക്കാരും, വൈദികരും, ദൈവജനവും സംബന്ധിച്ചിരുന്നു. ഈ ശുശ്രൂഷകൾ ആരംഭിച്ചതു തന്നെ മാർപ്പാപ്പയുടെ കൽപ്പനകൾ ഔദ്യോഗികമായി വായിച്ചുകൊണ്ടാണ്. അപ്പോൾ പൊന്തിഫിക്കൽ കൗൺസിലിനോ, വത്തിക്കാനോ ഇക്കാര്യങ്ങളിൽ പങ്കില്ല എന്ന് വാൾട്ടർ കാസ്പർ തിരുമേനി പറയുന്നതിൽ സാംഗത്യമില്ല.

സാർവ്വത്രിക സഭാ പരമാദ്ധ്യക്ഷനും പൂർണ്ണ സ്വതന്ത്രസഭയുടെ തലവനെന്ന നിലയിൽ മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനും ഇടയിൽ മറ്റൊരധികാര കേന്ദ്രം ഇല്ല.

ഇക്കാരണങ്ങളാൽ റോമിൽ നിന്നു നൽകിയ മേജർ ആർച്ചുബിഷപ്പ് സ്ഥാനം മലങ്കര കത്തോലിക്കാ സഭ മനസ്സിലാക്കുന്നതും കൈകാര്യം ചെയ്യുന്നതും കാതോലിക്കോസിന്റെ പദവിയിൽ തന്നെയാണ്.

മലങ്കര കത്തോലിക്കാസഭയിലെ അജഗണങ്ങളുടെയും മറ്റ് സഭാ വിശ്വാസികളുടെയും ഇടയിൽ ഇത് തെറ്റിദ്ധാരണയ്ക്ക് കാരണമായി എന്നതിൽ അതിയായി ഖേദം ഉണ്ട്. സഭൈക്യ പ്രവർത്തനങ്ങളെ നിശ്ചയമായും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും ആശയസംവാദങ്ങളും പ്രതികൂലമായി ബാധിക്കുമെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

**+ ബിഷപ്പ് തോമസ്സ് മാർ കൂറിലോസ്**

എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി

**Press Release**

> *On 20 July 2005 most of the Malayalam Newspapers and the international internet carried news under the caption: "Vatican Denies Having Appointed a Catholicos in India." This news was flashed across on the basis of a letter said to be written by Cardinal Walter Kasper to Bishop Eusebius of the Malankara Orthodox Church. In the press conference called by the Major Archiepiscopal Curia, His Holiness Moran Mor Cyril Baselios Catholicos and other Bishops of the Church were present.*

## A RESPONSE TO THE LETTER OF WALTER CARDINAL KASPER, THE PRESIDENT OF THE PONTIFICAL COUNCIL FOR PROMOTING CHRISTIAN UNITY.

It is seen in the media certain references without knowing that the Holy Father Pope John Paul II elevated the Malankara Catholic Church to the status of a Major Archiepiscopal Church and its hierarchical head is appointed the common Father and Head of the same Church. Hence it has become necessary to issue this explanatory note.

In the year 1930 when Mar Ivanios came to communion with the Universal Church he had requested that a self-governing hierarchy be installed for the Malankara Church. As the then Catholicos of the Malankara Church did not enter into communion, the Malankara Church was accepted into the communion installing a Metropolitan hierarchy. It is the result of the continuous dialogue with the Holy See for the last 75 years that the Malankara Catholic Church attained the fullness of its autonomy and that its hierarchical head is appointed the Church's common Father and Head.

The present references are put forward on the basis of a reply by Cardinal Walter Kasper, the President of the Council for Church unity to the Malankara Orthodox Church. This letter contains certain half-truths.

1. It is a fact that the late Holy Father John Paul II raised the Malankara Catholic Church to the status of a Major Archiepiscopal Church and its hierarchical head as Major Archbishop. But the Cardinal has not referred to the true meaning of the titles "Major Archiepiscopal Church" and "Major Archbishop". When it is said that the Malankara Catholic Church was elevated to the status of a Major Archiepiscopal Church, it means that the Holy Father

raised it and empowered it as a self-governing local Church in the Universal Catholic Church. The Major Archbishop is appointed to govern and lead the Church. Under the supreme authority of the Roman Pontiff, he is the Head and common Father of this Church. "I am pleased to state that such a title testifies that Your Beatitude is the Head and Father of your Church and in Hierarchical union with the Holy Father, represents the supreme authority of the same Church" (In a letter signed by Ignace Cardinal Moussa Daoud, Prot. N. 11.805 / 10 May 2005).

This is the significance of the title "Catholicos" in the Malankara Church. Cardinal Walter Kasper in his letter says that this title "Catholicos" is not given to the Malankara Catholic Church from Rome. He presumes that it is to be given from Rome. But it is not to be obtained from somewhere outside. The history of the hierarchical status of the Catholicos is ancient. Today this title exists in five Churches. It is also accepted and acknowledged in the Malankara Church.

In the public meeting that was held after the enthronement ceremony on 14 May 2005, Cardinal Mar Varkey Vithayathil, the Father and Head of the Syro-Malabar Church, referred to this tradition of the Malankara Church. He said, "First of all, though his appointment is as Major Archbishop, you can certainly call him 'Catholicos' according to your tradition. Some tried to hinder this. But they did not succeed. Because, in your tradition, there is no hierarchical status of a 'Major Archbishop'. There is only the 'Catholicos'. Therefore, in my opinion, it is most fitting, that you call the Head of your Church 'Catholicos', not 'Major Archbishop'." There is another fact that is to be stressed here. According to the Oriental Canon Law (CCEO 151-154) the status of the Major Archbishop is one that has all the rights and obligations of the Patriarch. In fact, the status of the 'Major Archbishop' is superior to the status, rights and obligations of the 'Catholicos'.

The Major Archbishop appointed in the Malankara Church is its Catholicos. Therefore, Cyril Mar Baselios, the supreme head of the Malankara Catholic Church is the Catholicos of this Church.

The Malankara Catholic Church is recognized as a Church that grew up and matured in the tradition of Apostle Thomas. It is to be stated in particular that the ecclesial see/throne of the Catholicos is established in this apostolic tradition (see Papal Bull, Prot. n. 570/809).

2. It is said that Walter Cardinal Kasper in his letter referred, "There is no title of Catholicos in the Canon Law of the Catholic Church." It is to be believed that he has not understood the facts. Because, in the Catholic Church there is

a Code of Canon Law for the Latin Church. There is another common Code for the Oriental Churches. This common Code is applicable to all the 21 Oriental Churches. But each local Church has, as its patrimony, laws and customs which are not treated in the common Code. To each individual Church, when the common laws and its own canons are blended together, the law of that Church becomes complete. The title of 'Catholicos' is used in five Churches in accordance with their own particular laws. Therefore, for the Malankara Catholic Church, Moran Mor Cyril Baselios, the supreme head of the Church, is Catholicos according to the Canons of this Church.

3. Cardinal Moussa Daoud, the Prefect of the Congregation for the Oriental Churches participated in the enthronement ceremony at St. Mary's Metropolitan Church, Pattom, Trivandrum on 14 May 2005, as the reperesentative of the Pope. The Representative of the Pope in India, His Grace Pedro Lopez Quintana and his Eminence Cardinal Varkey Vithayathil, the Head of the Syro-Malabar Church participated in the ceremony. The liturgy itself began reading the bulls of the Roman Pontiff. Then there is no relevance in saying that neither Vatican nor the Pontifical Council has any part in it.

As a fully autonomous Church, there is no intermediate authority between the Head of the Universal Church and the Head of the Malankara Catholic Church (see letter by Cardinal Moussa Daoud, Prot. No. 11.805, May 2005).

Therefore, the elevation to the status of a Major Archiepiscopal Church and the appointment of the Major Archbishop is understood and its powers are exercised by the Malankara Catholic Church as the status and powers of the Catholicos itself.

We deeply regret the confusion created among the Faithful of the Malankara Catholic Church and among other Church faithful. It is a fact that activities like this will certainly affect adversely ecclesial communion endeavors.

**+ Bishop Thomas Mar Koorilos**
Secretary, Malankara Catholic
Episcopal Synod.

**Documentation**

# LETTER TO WALTER CARDINAL KASPER

*Letter to Walter Cardinal Kasper, President of the Pontifical Council for Promoting Christian Unity by His Beatitude Moran Mor Cyril Baselios Catholicos on the implications of releasing to the press and in the internet His Eminence's letter to Mar Eusebius of the Orthodox Church. The letter was faxed to his Eminence with copies to the Secretary of State and the Prefect of the Congregations for the Oriental Churches*

21st July 2005

To
His Eminence
**Walter Cardinal Kasper**
President, Pontificum Consilium
Ad Christianorum Unitatem Fovendam
Vatican City, Roma, Italy.

Your Eminence,

Greetings from the Malankara Major Archiepiscopal Church! Hope Your Eminence is keeping fine.

I am writing this letter to bring to Your Eminence's kind notice a humble submission from the Malankara Catholic Church. On the 20th July 2005, most of our Dailies in Kerala, along with the international internet, spread a news on the headline captions that the Head of the Malankara Catholic Church – my humble self – is not a 'Catholicos' and neither 'Vatican' nor the Pontifical Council for promoting Christian unity is aware of such a title. It seems that some of the spokesman of the Orthodox Church are behind the false propaganda quoting Your Eminence. They are distributing copies of a letter, which Your Eminence has written to His Excellency Philipose Mar Eusebius in favour of their Episcopal Synod.

This has done a great harm to the life and reputation of the Catholic Church, especially of the Malankara Catholic Church, precisely at a time when the

Holy See has praised it for its growth as one of the 'fast growing Catholic communities in the world' (late Holy Father Pope John Paul II) in recognition of which it is raised to the juridical status of a Major Archiepiscopal Church and its Hierarchical Head as 'Major Archbishop' in the Catholic Communion.

Major Archbishop is an office in the Catholic communion and it is to preside over an entire Oriental Church – *Ecclesia sui juris* – making it equivalent – equiparatur – to the Patriarchal office with powers and privileges according to the stipulations of the Code of Canon Law (CCEO, cc 150-154), without the title of Patriarch.

In this context I would like to state that we, the people in the Malankara Church and all others acquainted with our local Church, understand and identify the office of the Major Archbishop with that of the 'Catholicos' of the Malankara Church. Every one at least in Kerala knows that the Malankara Catholic Church is rooted in the patrimony and religious heritage of the ancient Malankara (Thomas Christians) Church and is bound to keep up its legitimate liturgical, theological, spiritual and canonical traditions, which the Holy See, not only encourages but stipulates to keep up. *"Ab ipso sancto Thoma Apostolo eiusque successoribus excitata feliciter in India christiana religio pro variis inibi traiditionibus saeculorum decursu effloruit. Communitas nominatim Syro-Malankarensis quae ab anno MCMXXX communionem cum Sancta Sede coniunxit, maximis incrementis in fidelium numero et pastorum multitudine est aucta, cum simul proprium patrimonium ecclesiasticum fidemque antiquitus traditam servaret" (Ref: Papal Bull Prot. N. 570/809)*. Hence the elevation and appointment of the Hierarchical Head – my humble self – as the Major Archbishop of the Malankara Catholic Church as its 'Caput et Pater' is understood in our perspective – theological, juridical and social – as the supreme ecclesiastical head, under the Holy Father, as 'Catholicos' of the Malankara Catholic Church. "*Mi pregio di significarLe che tale titolo attesta che Vostra Beatitudine è Caput et Pater della Sua Chiesa ed in unione gerarchica con il Santro Padre representa la suprema autorità della medesima*." (Ref: Prot. N. 118/2005 by H.E. Ignace Moussa Card. Daoud).

In this context, to assert that the supreme ecclesiastical Head of the Malankara Catholic Church is not a 'Catholicos' but, only a 'Major Archbishop' – as though the office has no juridical content and import – is very misleading and confusing especially to our people. The hidden agenda is focused on putting down the image of the Catholic Church. This situation created a big confusion both among the Catholics and non-Catholics and damaged the

reputation of the Malankara Church. The argument that the Holy See has not used the technical term 'Catholicos' in the appointment is naïve, to say the least. Similarly, to propose that 'Catholicos' is not in the Code of the Catholic Church betrays gross ignorance. If the Code is understood as the Code of the Latin Church it may be accepted. But if the Catholic Church is understood as the Catholic communion involving also the Oriental Catholic Churches it may be remembered that they have a Code of their own. This 'common' Code preferred to leave out the specialities of each Oriental Church – *ecclesia sui juris* - to their own particular laws, which I know from my own personal experience in the committee for the revision of the Oriental Code. Thus the full code of the Canon Law for each *ecclesia sui juris* is the whole of the *'jus commune* (CCEO) with its own particular laws. Hence it can contain traditions, titles, institutes and other provisions of their own. To assert that the title 'Catholicos' is not in the Code of Canon Law of the 'Catholic' Church – as though this is not at present used in some Churches – is sheer oversight, if not false.

Now coming back to the false propaganda that the Malankara Catholic Church does not have a 'Catholicos' on technical and verbal grounds, and this in virtue of the opinion expressed in Your Eminence's letter is most unfortunate. To say that the Head of the Malankara Catholic Church is not a 'Catholicos' looks like a simple negative statement, but, why that statement is made is to be closely studied. Is it to please the Orthodox? It is all the more precarious to state that 'Vatican' and the 'Council for promoting unity' were unaware of it. As an official of Vatican, Your Eminence was expected to explain what the Holy See has done in elevating the Malankara Church and appointing a Major Archbishop for that Church. The Holy See must have some reasons for it. It is expected that Your Eminence should have explained positively what is the role of the Major Archbishop in the Catholic Church. We are surprised to see how Your Eminence simply asserted that Vatican has nothing to do in the event, when the Apostolic Nuncio announced it, the Prefect of the Congregation for the Oriental Churches executed the Decree of the Holy Father, which was sent by the Cardinal Secretary of the Vatican State. We are sorry to note that Your Eminence and your advisers in the Council for promoting unity were carried away by the threat some of the Orthodox spokesmen posed over us sacrificing the truths and facts. We should like to point out that the lamentations on the loss of some imagined relationships on a peripheral level in the dialogue we are engaged in, of which I am also a member, cannot count much as against

the magnificent results and spiritual benefits we have gained from the communion and dialogue with the Universal Catholic Church for the last seventy five years – from the time of Reunion in 1930 – of the history of the Malankara Catholic Church, if not for the last 350 years from the time of the first division in 1653.

We are much more disturbed that the gracious attitudes and painful efforts which the Holy See and the Catholic Church as a whole adopted in promoting Catholic communion with us in the past years would be disregarded, and nullified by giving in to the temptations posed by some Orthodox people. "*Disidero inoltre esprimere a Vostra Beatitudine ed a tutta la Communità Siro-Malankarese la più grande soddisfazione per l'alto riconoscimento da Ella ottenuto dalla Sede Apostolica, conI'auspicio di ogni grazia e benedizione*" (Ref: Prot. N. 118/2005 by H.E. Ignace Moussa Card. Daoud).

In conclusion, we should like to make it clear that we stand by the promises God has made to the Church and in the communion of the Catholic Church, under the protection and guidance of the Roman Pontiff and the Holy See of Rome.

Requesting Your Eminence's Blessings,

Yours lovingly in Our Lord,

+ Mar Baselios

**Cyril Mar Baselios**
Major Archbishop Catholicos
of the Malankara Catholic Church

# അത്യുന്നത കർദ്ദിനാൾ വാൾട്ടർ കാസ്പർ തിരുമേനിക്ക് അയച്ച കത്ത്

അത്യുന്നത കർദ്ദിനാൾ
വാൾട്ടർ കാസ്പർ
പ്രസിഡന്റ്, ക്രൈസ്തവ ഐക്യത്തിനായുള്ള
പൊന്തിഫിക്കൽ സംഘം
വത്തിക്കാൻ, റോമ, ഇറ്റലി

അത്യുന്നത കർദ്ദിനാൾ,

മലങ്കര മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയിൽ നിന്നും ആശംസകൾ!

അങ്ങ് സുഖമായിരിക്കുന്നു എന്ന് കരുതുന്നു.

മലങ്കര കത്തോലിക്കാ സഭയിൽ നിന്നും ഈ വിനീത പ്രമേയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് ഞാനിതെഴുതുന്നത്. 2005 ജൂലൈ 20 ന് കേരളത്തിലെ മിക്കവാറും എല്ലാ ദിനപത്രങ്ങളും അന്തർദേശീയ ഇന്റർനെറ്റും 'മലങ്കര കത്തോലിക്കാ സഭയുടെ തലവൻ (ഈ വിനീത ദാസൻ) കാതോലിക്കാ ബാവ അല്ല എന്നും വത്തിക്കാനോ, ക്രിസ്തീയ ഐക്യത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിനോ ഇതിനെക്കുറിച്ച് ഒന്നും അറിയില്ല' എന്ന ശീർഷകത്തിൽ ഒരു പ്രത്യേക വാർത്ത പ്രചരിപ്പിക്കുകയുണ്ടായി. അങ്ങയെ ഉദ്ധരിച്ചു കൊണ്ടു ഓർത്തഡോക്സ് സഭയിലെ ചില വക്താക്കളാണ് ഈ വ്യാജ പ്രചരണത്തിനു പിന്നിലെന്നു തോന്നുന്നു. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനായി, അങ്ങ് അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസിന് എഴുതിയ ഒരു കത്തിന്റെ പകർപ്പുകളാണ് അവർ ഇവിടെ വിതരണം ചെയ്തത്.

ഇത് കത്തോലിക്കാ സഭയുടെ, പ്രത്യേകിച്ചും മലങ്കര കത്തോലിക്കാ സഭയുടെ സൽപ്പേരിന് ഏറെ ഹാനികരമായി തീർന്നിട്ടുണ്ട്, പ്രത്യേകിച്ചും പരിശുദ്ധ സിംഹാസനം 'ലോകത്തിൽ അതി ശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന കത്തോലിക്കാ സമൂഹങ്ങളിൽ ഒന്നാണ് എന്ന് ഈ സഭയുടെ വളർച്ചയെ പുകഴ്ത്തിയിരിക്കുന്ന (പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ) ഈ കാലയളവിൽ അതിന്റെ അംഗീകാരമെന്നോണം ഈ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ എന്ന കാനോനിക പദവിയിലേക്കും ഉയർത്തുകയും അതിന്റെ മേലദ്ധ്യക്ഷനെ കത്തോലിക്കാ കൂട്ടായ്മയിൽ മേജർ ആർച്ചു ബിഷപ്പ് ആയും ഉയർത്തിയിരിക്കുന്ന ഈ അവസരത്തിൽ.

കത്തോലിക്കാ കൂട്ടായ്മയിൽ മേജർ ആർച്ചു ബിഷപ്പ് എന്ന പദവിയാൽ ഒരാൾ ഒരു പൗരസ്ത്യ സഭ - സ്വയംഭരണ സഭ - യുടെ മേൽ അദ്ധ്യക്ഷനായിരിക്കുകയും

ഈ സ്ഥാനം, 'പാത്രിയർക്കീസ്' എന്ന സ്ഥാനനാമം ഇല്ലെങ്കിലും പാത്രിയർക്കീസിന് തുല്യമായ അധികാരാവകാശങ്ങൾ ഉണ്ടന്ന് പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാനോന സംഹിത (കാനോനകൾ 150-154) വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കുവാനാഗ്രഹിക്കുന്നത് ഞങ്ങൾ, മലങ്കര കത്തോലിക്കാ സഭാ മക്കളും ഞങ്ങളുടെ പ്രാദേശിക സഭയുമായി പരിചയമുള്ളവരും 'മേജർ ആർച്ചു ബിഷപ്പ്' എന്ന ഈ സ്ഥാനം മലങ്കര സഭയുടെ കാതോലിക്കോസ് എന്ന സ്ഥാനവുമായി താദാത്മ്യപ്പെടുത്തിയാണ് കാണുന്നത്. എല്ലാവരും, കുറഞ്ഞ പക്ഷം കേരളത്തിൽ ഉള്ളവരെങ്കിലും, മലങ്കര കത്തോലിക്കാ സഭ പൗരാണിക മലങ്കര (മാർത്തോമ്മാ ക്രിസ്ത്യാനി) സഭയുടെ പാരമ്പര്യത്തിൽ വേരൂന്നിയതും അതിന്റെ മതാത്മക പൈതൃകം ഉൾക്കൊള്ളുന്നവരും ആണെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ ഈ സഭയുടെ നൈയാമികവും ആരാധനാപരവും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവും കാനോനികവുമായ പാരമ്പര്യങ്ങൾ നിലനിർത്തുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്; പരിശുദ്ധ സിംഹാസനം അതിനെ പ്രോത്സാഹിപ്പിക്കുകയും അപ്രകാരം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നു. "വിശുദ്ധ തോമ്മോശ്ലീഹായാൽ തന്നെ ഭാരതത്തിൽ ക്രിസ്തുമതം സ്ഥാപിക്കപ്പെടുകയും പിൻഗാമികളാൽ ഫലപ്രദമായി നയിക്കപ്പെടുകയും കഴിഞ്ഞ നൂറ്റാണ്ടുകളിൽ അതു വിവിധ പാരമ്പര്യങ്ങളിലൂടെ പുഷ്ടിപ്പെടുകയും ചെയ്തു. 1930 ൽ പരിശുദ്ധ സിംഹാസനവുമായി പുനരൈക്യപ്പെട്ട് മലങ്കര സുറിയാനി സമൂഹം വിശ്വാസികളുടെയും ഇടയന്മാരുടെയും എണ്ണത്തിൽ ഏറ്റവും അധികം വളർച്ച പ്രാപിക്കുകയും അതേ സമയം പുരാതനമായ അതിന്റെ സഭാത്മകമായ പൈതൃകവും വിശ്വാസവും കാത്തു പരിപാലിക്കുകയും ചെയ്തു". (പേപ്പൽ ബുൾ ന. 570/809 കാണുക). ആയതിനാൽ മലങ്കര കത്തോലിക്കാ സഭയുടെ 'തലവനും പിതാവു'മായി ഒരു മേജർ ആർച്ചു ബിഷപ്പ് നിയമിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത, ദൈവശാസ്ത്രപരവും, നൈയാമികവും സാമൂഹികവുമായി മനസ്സിലാക്കുന്നത് പരിശുദ്ധ പിതാവിന്റെ അധികാരത്തിൻ കീഴിൽ മലങ്കര കത്തോലിക്കാ സഭയിലെ പരമാധികാരി എന്ന നിലയിൽ 'കാതോലിക്കോസ്' എന്നാണ്. (അത്യുത കർദ്ദിനാൾ ഇഗ്നാസ് മൂസ്സാ ദാവൂദിന്റെ കത്ത്, പ്രോട്ട്. നം. 118/2005)

ഈ സാഹചര്യത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ 'കാതോലിക്കോസ്' അല്ല 'മേജർ ആർച്ചു ബിഷപ്പ് മാത്രമാണ്' ഈ സ്ഥാനത്തിന് നൈയാമികമായ ഒരു പ്രാധാന്യവുമില്ല എന്ന മട്ടിൽ - ചെയ്ത പ്രസ്താവന ഞങ്ങളുടെ ആളുകൾക്ക് വളരെ തെറ്റിദ്ധാരണ ഉളവാക്കുന്നതും, സംശയങ്ങൾ ജനിപ്പിക്കുന്നതുമാണ്. ഇതിൽ അന്തർലീനമായിരിക്കുന്നത് കത്തോലിക്കാ സഭയുടെ പ്രതിഛായയ്ക്ക് മങ്ങലേൽപ്പിക്കുക എന്നതാണ്. ഈ സാഹചര്യം കത്തോലിക്കരുടെയും അകത്തോലിക്കരുടെയും ഇടയിൽ ഒരു വലിയ തെറ്റിദ്ധാരണ ഉളവാക്കിയിട്ടുണ്ട്. അത് മലങ്കര കത്തോലിക്കാ സഭയുടെ സൽപ്പേരിന് ദോഷം വരുത്തിയിട്ടുമുണ്ട്. കാതോലിക്കോസ് എന്ന സാങ്കേതിക പദം പരിശുദ്ധ സിംഹാസനം നിയമന കൽപ്പനയിൽ

ഉപയോഗിച്ചിട്ടില്ല എന്ന വാദഗതി തികച്ചും ഉപരിപ്ലവമാണ്. അതുപോലെ തന്നെ കാതോലിക്കോസ് എന്ന പദം കത്തോലിക്കാ കാനാൻ നിയമത്തിൽ ഇല്ല എന്നു പറയുന്നത് തികഞ്ഞ അറിവില്ലായ്മയാണ് എന്ന് സൂചിപ്പിക്കുന്നത് ക്ഷമിക്കുമല്ലോ. കാനൻ നിയമ സംഹിത എന്നു പറയുന്നത് ലത്തീൻ സഭയുടെ നിയമ സംഹിത എന്നാണ് മനസ്സിലാക്കുന്നതെങ്കിൽ അത് അപ്രകാരം സ്വീകരിക്കാം. എന്നാൽ കത്തോലിക്കാ സഭ എന്നത് പൗരസ്ത്യ കത്തോലിക്കാ സഭകളുടെയും ഒരു കൂട്ടായ്മ എന്ന് മനസ്സിലാക്കുന്നുവെങ്കിൽ പൗരസ്ത്യ സഭകൾക്ക് അവരുടേതായ ഒരു കാനൻ നിയമ സംഹിത ഉണ്ടെന്ന് ഓർത്തിരിക്കണം. ഈ പൊതു സംഹിത ഓരോ പൗരസ്ത്യ സഭയെയും - സ്വയംഭരണ സഭകളുടെയും - പ്രത്യേകതകൾ അവരവരുടെ പ്രത്യേക നിയമ സംഹിതയ്ക്ക് വിട്ടിരിക്കുകയാണ്. നിയമ ക്രോഡീകരണ കമ്മറ്റിയിലെ ഒരംഗമെന്ന നിലയിൽ എനിക്ക് ഈ കാര്യങ്ങൾ നേരിട്ടറിയാവുവയാണ്. അങ്ങനെ ഒരു സ്വതന്ത്ര സഭയുടെ പൂർണ്ണ നിയമ സംഹിത എന്നു പറയുത് പൊതു നിയമങ്ങളും ഓരോ സഭയുടെയും പ്രത്യേക നിയമങ്ങളും ഒന്നിക്കുന്നതാണ്. ആയതിനാൽ അവയിൽ ഓരോ സഭയുടെയും പാരമ്പര്യങ്ങളും സംജ്ഞകളും നൈയാമിക സ്ഥാപനങ്ങളും മറ്റും ഉൾക്കൊള്ളുന്നു. ആയതിനാൽ 'കാതോലിക്കോസ്' എന്ന സംജ്ഞ കത്തോലിക്കാ സഭയുടെ കാനൻ നിയമത്തിലില്ല - ഇപ്പോൾ നിലവിലുള്ള സഭകളിൽ ഇല്ലാ എന്ന മട്ടിൽ - പറയുന്നത് തികച്ചും അനവധാനതയാണ്.

വ്യാജ പ്രചരണത്തിലേക്ക് നമുക്ക് തിരികെ വരാം. മലങ്കര കത്തോലിക്കാ സഭയുടെ തലവൻ 'കാതോലിക്കോസ്' അല്ലായെന്ന് സാങ്കേതികമായ കാരണത്തിൽ അങ്ങയുടെ കത്തിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം ഏറ്റം നിർഭാഗ്യകരമാണ്. മലങ്കര കത്തോലിക്കാ സഭയുടെ തലവൻ 'കാതോലിക്കോസ്' അല്ല എന്ന് പറയുന്നത് ഒരു ലളിതമായ നിഷേധ പ്രസ്ഥാവനയാണെന്നു തോന്നും, എന്നാൽ ആ പ്രസ്താവന നാം ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു.

ഓർത്തഡോക്സുകാരെ പ്രീതിപ്പെടുത്തുവാൻ വേണ്ടിയാണോ ഇത് പറയുന്നത്? വത്തിക്കാനോ സഭൈക്യ കാര്യലയത്തിനോ ഇതറിയില്ലാ എന്നു പറയുന്നത് അതിലേറെ അബദ്ധ ജഡിലമാണ്. വത്തിക്കാന്റെ ഒരു ഔദ്യോഗിക സ്ഥാനി എന്ന നിലയിൽ, മലങ്കര സഭയെ ഉയർത്തുകയും ആ സഭയ്ക്ക് ഒരു മേജർ ആർച്ചു ബിഷപ്പിനെ നിയമിക്കുകയും വഴി തിരു സിംഹാസനം എന്താണ് ചെയ്തതെന്ന് വിശദീകരിക്കുകയാണ് അങ്ങ് ചെയ്യേണ്ടിയിരുന്നത്. തിരു സിംഹാസനത്തിന് അതിനൊരു കാരണമുണ്ടല്ലോ. കത്തോലിക്കാ സഭയിൽ മേജർ ആർച്ചു ബിഷപ്പിന്റെ സ്ഥാനമെന്താണെന്ന് ക്രിയാത്മകമായി വിശദീകരിക്കുക എന്നതാണല്ലോ അങ്ങയിൽ നിന്നു പ്രതീക്ഷിക്കുന്നത്. അപ്പോസ്തോലിക്ക് നൂഷിയോ ഇത് പ്രഖ്യാപനം ചെയ്യുകയും വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി പരിശുദ്ധ പിതാവിന്റെ പേരിൽ അയച്ച ഉത്തരവ് പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള സംഘത്തിന്റെ തലവൻ പ്രാവർത്തികമാക്കുകയും ചെയ്ത കാര്യത്തിൽ വത്തിക്കാന് യാതൊരു അറിവും ഇല്ല എന്ന് അങ്ങ് പറഞ്ഞത് ഞങ്ങൾക്ക് ഏറ്റം അതിശയകരമായി തോന്നുന്നു. സത്യവും വസ്തുത

കളും ബലികഴിച്ചുകൊണ്ട് അങ്ങും ഐക്യ കാര്യാലയത്തിലെ അങ്ങയുടെ ഉപദേശകരും ഓർത്തഡോക്സ് വക്താക്കളുടെ ഭീഷണികളാൽ നയിക്കപ്പെട്ടതിൽ ഞങ്ങൾ ഖേദിക്കുന്നു. എന്തോ ചില സാങ്കൽപ്പിക ബന്ധങ്ങൾ, ബാഹ്യമായ തരത്തിൽ മാത്രമുള്ള ബന്ധങ്ങൾ, നഷ്ടപ്പെട്ടു എന്ന വിലാപം അതിനേക്കാൾ ശോചനീയമാണ്.

ഓർത്തഡോക്സുകാർ ഒരുക്കുന്ന ഈ പ്രലോഭനത്തിൽ നമ്മെത്തന്നെ വിട്ടുകൊടുക്കുക മൂലം പരിശുദ്ധ സിംഹാസനവും കത്തോലിക്കാ സഭയും കത്തോലിക്കാ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ കാലങ്ങളിൽ ചെയ്തു കൊണ്ടിരുന്നതായ സ്നേഹ മസൃണമായ പെരുമാറ്റങ്ങളും, ത്യാഗത്തോടുകൂടിയ പ്രയത്നങ്ങളും അവഗണിക്കപ്പെടുകയും വ്യർത്ഥമാക്കുകയും ചെയ്യുമെന്നതിൽ ഞങ്ങളേറെ അസ്വസ്ഥരാണ്. നാം ഭാഗഭാക്കുകളായിരിക്കുന്ന സംവാദതലത്തിലുള്ള - ഞാനും അതിൽ ഒരംഗമാണ് - ചില ഉപരിപ്ലവമായ സാങ്കല്പിക ബന്ധങ്ങൾ നഷ്ടപ്പെടുന്നു എന്ന വിലാപം, കഴിഞ്ഞ 75 വർഷങ്ങളായി (പുനരൈക്യ വർഷമായ 1930 മുതൽ) മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ -1653 ലെ ആദ്യത്തെ ഭിന്നിപ്പു മുതലുള്ള 350 വർഷങ്ങൾ കണക്കിലെടുക്കുന്നില്ലെങ്കിൽ - കൂട്ടായ്മയിലൂടെയും ആഗോള കത്തോലിക്കാ സഭയുമായുള്ള സംവാദത്തിലൂടെയും കൈവരിക്കുന്നവ മഹോന്നത ഫലങ്ങളോടോ ആദ്ധ്യാത്മിക നന്മകളോടൊ കിടപിടിക്കാൻ പറ്റുന്നവയല്ല: 'ഇതു കൂടാതെ, അപ്പസ്തോലിക സിംഹാസനത്തിൽ നിന്നും നിങ്ങൾ പ്രാപിച്ച ഉന്നതമായ അംഗീകാരത്തിൽ എനിക്കുള്ള വലിയ സംതൃപ്തി എല്ലാ ദൈവ കൃപയോടും അനുഗ്രഹങ്ങളോടും ചേർന്ന് അങ്ങയോടും സീറോ മലങ്കര സമൂഹത്തോടും ഞാൻ അറിയിക്കുന്നു' (അത്യുന്നത കർദ്ദിനാൾ ഇഗ്നാസ് മൂസ്സാ ദാവൂദിന്റെ കത്ത്, പ്രോട്ട്. നം. 118/2005).

ചുരുക്കത്തിൽ  സഭയോടുള്ളതായ ദൈവത്തിന്റെ വാഗ്ദാനങ്ങളിലും കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലും റോമാ മാർപ്പാപ്പായുടെയും, റോമിലെ തിരു സിംഹാസനത്തിന്റെയും  സംരക്ഷണത്തിലും നേതൃത്വത്തിലും ഞങ്ങൾ നിലനിൽക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

അങ്ങയുടെ അനുഗ്രഹങ്ങൾ അപേക്ഷിച്ചുകൊണ്ട്,

നമ്മുടെ കർത്താവിൽ സ്നേഹപൂർവ്വം,

**മോറാൻ മോർ സിറിൽ ബസേലിയോസ്**
മേജർ ആർച്ചു ബിഷപ്പ് -
മലങ്കര കത്തോലിക്കാ സഭ
കാതോലിക്കോസ്

# THE LETTER OF IGNACE MOUSSA CARDINAL DAOUD, PREFECT OF THE CONGREGATION FOR THE ORIENTAL CHURCHES

*(The facsimile of the letter)*

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

29 July 2005

Prot. N. 118/2005

Your Grace,

I wish to acknowledge receipt of your correspondence of July 20 past, and in which you indicate the reactions prompted by the letter which His Eminence Cardinal Walter Kasper directed to Philipos Mar Eusabius, concerning the question of the title of 'Catholicos'.

This Dicastery understands the trouble for Your Grace and for the Syro-Malankara Catholic community which arises from the usage which the Orthodox are making of this letter, and with an intent to cause confusion and apparent discredit for your Church. But as has been stated by this Dicastery, clearly and decisively, it is you, Mar Baselios, who represents the Supreme Authority in your Malankara Catholic Church.

I wish to renew to you, Your Grace, the Dicastery's support on behalf of the great obligation pertaining to the mission which the Syro-Malankara Church has developed and continues to develop within and beyond the boundaries of India.

In reiterating to Your Grace the commitment of this Dicastery, I also take the opportunity to convey my most profound personal esteem,

Sincerely,

+ I m Card Daoud

✠ Ignace Moussa Card. Daoud
Patriarch emeritus of Antioch of the Syrians, Prefect

✠ Antonio Maria Vegliò
Secretary

## പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ മൂസാ ദാവൂദ് തിരുമേനിയുടെ കത്ത്

പൗരസ്ത്യ സഭകൾക്കു
വേണ്ടിയുള്ള കാര്യാലയം

00193 റോമ
വിയ കൊൺസീലിയാസിയോണേ 34
ജൂലൈ 2005

Prot N.118/2005

അഭിവന്ദ്യ പിതാവേ,

കഴിഞ്ഞ ജൂലൈ 20ന് അയച്ച കത്തുകൾ ലഭിച്ചു എന്ന് അറിയിക്കുവാൻ ആഗ്രഹിക്കുന്നു. അതിൽ അത്യുന്നത കർദ്ദിനാൾ വാൾട്ടർ കാസ്പർ പിലിപ്പോസ് മാർ യൗസേബിയോസിന് അയച്ച കത്തിൽ കാതോലിക്കോസ് എന്ന ശീർഷക ത്തിന്റെ ഉപയോഗത്തെപ്പറ്റിയുള്ള പരമാർശങ്ങൾ ഉളവാക്കുന്ന പ്രത്യാഘാതങ്ങൾ സൂചിപ്പിച്ചിരുന്നല്ലോ.

മേൽ പ്രസ്താവിച്ച കത്ത് ഓർത്തഡോക്സുകാർ ഉപയോഗപ്പെടുത്തിക്കൊണ്ട് അങ്ങേയ്ക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും ചെയ്യുന്ന ശല്യം എന്താണെന്ന് ഈ കാര്യാലയം മനസ്സിലാക്കുന്നു. ഈ കാര്യാലയം വ്യക്തമായും ഖണ്ഡിതമായും പ്രസ്താവിച്ചിട്ടുള്ളത്, അങ്ങ്, മാർ ബസേലിയോസ് ആണ് മലങ്കര കത്തോലിക്കാ സഭയുടെ പരമാധികാരിയെന്നാണ്.

ഈ കാര്യാലയം അങ്ങേയ്ക്കും മലങ്കര കത്തോലിക്കാ സഭ വളർത്തിയെടുത്ത ദൗത്യത്തിനും ഭാരതമാസകലവും അതിന്റെ അതിർത്തികൾക്കപ്പുറവും വളർന്നു പുരോഗമിച്ചു കൊണ്ടിരിക്കുന്ന അതിന്റെ ഉത്തരവാദിത്വങ്ങൾക്കും എല്ലാ പിൻതുണയും നവീകരിക്കുന്നു.

അങ്ങ് ഈ കാര്യാലയത്തോട് ആവർത്തിച്ച് പ്രഖ്യാപിച്ച പ്രതിജ്ഞാ ബദ്ധതയോട് ചേർന്ന് എന്റെ ആഴമായ വ്യക്തിപരമായ ആദരവും അറിയിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
ഇഗ്നാസ് മൂസാ കാർഡിനൽ ദാവൂദ്
അന്ത്യോക്യൻ സുറിയാനിക്കാരുടെ
മുൻ പാർത്രിയർക്കീസും പ്രീഫക്ടും

(ഒപ്പ്)
അന്തോനിയോ മറിയാ വേലിയോ
സെക്രട്ടറി.

*ക്രൈസ്തവ ഐക്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ വാൾട്ടർ കാസ്പർ തിരുമേനിയുടെ കത്ത് ഉളവാക്കിയ ചിന്താക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ പുറത്തുവിട്ട വിശദീകരണം*

# മലങ്കര കത്തോലിക്കാസഭ :

## മേജർ ആർച്ചുബിഷപ്പും കാതോലിക്കോസും

ഭാഗ്യസ്മരണാർഹനായ പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2005 ഫെബ്രുവരി 10-ാം തീയതി മലങ്കര കത്തോലിക്കാസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും, അതിന്റെ മേലദ്ധ്യക്ഷനെ ആ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പായി അവരോധിക്കുകയും ചെയ്തു. ഇത് മലങ്കര കത്തോലിക്കാസഭയുടെ ചരിത്രത്തിലെ അതുല്യവും അവിസ്മരണീയവുമായ ഒരു സംഭവമായി മറ്റു മതങ്ങളും, ഇതര സഭകളും, വാർത്താവിനിമയ മാദ്ധ്യമങ്ങളും വിശേഷിപ്പിക്കുകയും, സഭാസമൂഹത്തിന് പ്രത്യേക ആശംസകളും ഭാവുകങ്ങളും നേരുകയും ചെയ്തു. നിർഭാഗ്യവശാൽ മലങ്കര ഓർത്തഡോക്സ് സഭയിലെ ചില മേൽപ്പട്ടക്കാരും വൈദികരും അത്മായരും ആകാംക്ഷയോടെ ഇക്കാര്യം വീക്ഷിക്കുകയും, ദുർബുദ്ധിയോടെ അതിനെ താഴ്ത്തിക്കെട്ടാൻ ശ്രമിക്കുകയും ചെയ്യുകയാണ്. ഇതേത്തുടർന്ന് ചിലയിടങ്ങളിൽ നിന്നും തെറ്റിദ്ധാരണാജനകമായ പ്രസ്താവനകളും ദുഷ്പ്രചാരണങ്ങളും തുടരുന്നുമുണ്ട്. വത്തിക്കാനിലെ സഭൈക്യകാര്യാലയത്തിന്റെ ചുമതല വഹിക്കുന്ന അഭിവന്ദ്യ കർദ്ദിനാൾ വാൾട്ടർ കാസ്പർ, കേരളത്തിലെ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും നൽകിയ ഒരു പരാതിക്ക്, ആ സഭയിലെ ഒരു മേൽപ്പട്ടക്കാരന് നൽകിയ മറുപടിക്കത്ത്, വാർത്താമാദ്ധ്യമങ്ങളിലൂടെ വികലമായി പ്രസിദ്ധീകരിച്ച് പൊതുജനങ്ങളുടെയും സഭാവിശ്വാസികളുടെയും ഇടയിൽ ചിന്താക്കുഴപ്പവും അബദ്ധധാരണകളും പ്രചരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ, വസ്തുതകളുടെ നിജസ്ഥിതിയും യഥാർത്ഥ വിവരങ്ങളും നൽകേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

### പ്രാദേശിക വ്യക്തിഗത സഭ

ആഗോളവ്യാപകമായ കത്തോലിക്കാസഭാ കൂട്ടായ്മയിലെ ഒരു പ്രാദേശിക വ്യക്തിഗതസഭയാണ് മലങ്കര കത്തോലിക്കാസഭ. വലുതും ചെറുതുമായ ഏതാണ്ട്

22 സഭാസമൂഹങ്ങൾ കത്തോലിക്കാസഭയെന്ന ഈ കൂട്ടായ്മയിൽ ഉൾച്ചേരുന്നു. പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും വിശേഷിപ്പിക്കപ്പെടുന്ന രണ്ട് ദേശീയവിഭാഗ ങ്ങളിലാണ് ഈ പ്രാദേശികസമൂഹങ്ങൾ നിലകൊള്ളുന്നത്. പൊതുവെ ലത്തീൻ സഭ മാത്രമാണ് പാശ്ചാത്യസഭയായി അറിയപ്പെടുന്നത്. മറ്റു 21 സഭാസമൂഹങ്ങളും പൗരസ്ത്യ സഭാഗണത്തിൽ ഉൾപ്പെടുന്നവയും തനതു ക്രിസ്തീയ പാരമ്പര്യങ്ങൾ പുലർത്തുന്നവയുമാണ്. നമ്മുടെ മലങ്കര കത്തോലിക്കാസഭ ഈ ഗണത്തിൽപെട്ട ഒരു പൗരസ്ത്യ അപ്പസ്തോലികസഭയാണ്. യേശുക്രിസ്തുവിന്റെ അപ്പസ്തോലൻമാ രിൽ ഒരുവനായ മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രചാരണത്തിലൂടെയാണ് ഈ സഭ രൂപംകൊണ്ടത്. ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ "ലോകത്തിൽ ഏറ്റം ശീഘ്രമായി വളർന്നുകൊണ്ടിരിക്കുന്ന സഭ" എന്നാണ് മലങ്കര കത്തോലിക്കാസഭയെ വിശേഷിപ്പിച്ചത് (*Ad Limina Visit, March 2000*). ഈ സഭയുടെ അപ്പസ്തോലികാടിസ്ഥാനവും പൗരാണികത്വവും കെട്ടുറപ്പും പുരോ ഗതിയും മനസ്സിലാക്കിയാണ് ദിവംഗതനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ സഭയെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയത്.

"വി. തോമ്മാശ്ലീഹായാൽ തന്നെ ഭാരതത്തിൽ ക്രിസ്തുമതം സ്ഥാപിക്കപ്പെടു കയും പിൻഗാമികളാൽ ഫലപ്രദമായി നയിക്കപ്പെടുകയും കഴിഞ്ഞ നൂറ്റാണ്ടുക ളിൽ അത് വിവിധ പാരമ്പര്യങ്ങളിലൂടെ പുഷ്ടിപ്പെടുകയും ചെയ്തു. 1930 ൽ പരി ശുദ്ധ സിംഹാസനവുമായി പുനരൈക്യപ്പെട്ട മലങ്കര സുറിയാനി സമൂഹം വിശ്വാ സികളുടെയും ഇടയൻമാരുടെയും എണ്ണത്തിൽ ഏറ്റവുമധികം വളർച്ച പ്രാപിക്കു കയും അതേസമയം പുരാതനമായ അതിന്റെ സഭാത്മക വിശ്വാസവും പൈതൃ കവും കാത്തു പരിപാലിക്കുകയും ചെയ്തു. ആകയാൽ, പ്രസ്തുത സഭയുടെ പ്രകാശമാനമായ സ്ഥിതി വ്യക്തമായി മനസിലാക്കുകയും വിലമതിക്കുകയും ചെയ്തുകൊണ്ട് ആ മലങ്കര സുറിയാനി സഭാസമൂഹത്തെ തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പൗരസ്ത്യ സഭകളുടെ കാനോൻ നിയമസം ഹിതയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങളോടും കടമകളോടും കൂടെ ഉയർത്തുവാൻ നാം തീരുമാനിച്ചിരിക്കുന്നു" (Apostolic Bull No. 570.809, 10 February 2005).

ഇപ്രകാരം ഉയർത്തപ്പെട്ട ഈ സഭയെ നയിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും, വളർത്തുന്നതിനുമായിട്ടാണ് ഈ സഭയുടെ പൊതു പിതാവും തലവനുമായി ഒരു മേജർ ആർച്ചുബിഷപ്പിനെ നിയമിച്ചിരിക്കുന്നത്. അന്നുവരെയും തിരുവനന്തപുരം അതിഭദ്രാസത്തിന്റെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായെ ആണ് മേജർ ആർച്ചുബിഷപ്പായി നിയമിച്ചത്.

"നമ്മുടെ അപ്പസ്തോലിക അധികാരം ഉപയോഗിച്ച് മലങ്കര സുറിയാനി സഭ യുടെ തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പായി താങ്കളെ നാം നിയമിക്കുന്നു. താങ്കളുടെ പദവിക്കും സ്ഥാനത്തിനും അനുയോജ്യമായ അവകാശങ്ങളും കടമ കളും താങ്കൾക്ക് ഉണ്ടായിരിക്കും" (Apostolic Bull No. 570.809, 10 February 2005).

## മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകൾ

കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ മൂന്ന് പ്രാദേശികസഭകളെ മാത്രമേ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയിട്ടുള്ളൂ. അവ, യുക്രേനിയൻ, സീറോ-മലബാർ, സീറോ-മലങ്കര എന്നീ കത്തോലിക്കാ സഭകളാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾക്കും അവയുടെ മേലദ്ധ്യക്ഷൻമാർക്കും, മാർപ്പാപ്പായ്ക്ക് വിധേയമായി, പുരാതന പാത്രിയർക്കൽ സഭകളിലെ പാത്രിയർക്കീസുമാർക്കു നൽകപ്പെട്ടിരുന്ന പ്രത്യേക അധികാര അവകാശങ്ങളാണ് സാർവത്രികസഭ അംഗീകരിച്ചിരിക്കുന്നത്. പൗരസ്ത്യ സഭകളുടെ പൊതു കാനോൻ നിയമസംഹിതയിൽ ഇക്കാര്യങ്ങൾ നിജപ്പെടുത്തിയിട്ടുണ്ട്. "പാത്രിയാർക്കീസ് എന്ന സ്ഥാനപ്പേർ ഇല്ലെങ്കിലും മേജർ ആർച്ചുബിഷപ്പ് ഒരു പൗരസ്ത്യ സ്വയാധികാര സഭ മുഴുവന്റെയും അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു" (കാനോന 151). "പൊതു നിയമത്തിൽ പാത്രിയാർക്കൽ സഭകളെയോ, പാത്രിയർക്കീസുമാരെയോ സംബന്ധിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളേയും മേജർ ആർച്ചുബിഷപ്പുമാരെയും സംബന്ധിച്ചും ബാധകമാണ്" (കാനോന 152). "തങ്ങൾ ആദ്ധ്യക്ഷ്യം വഹിക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയിൽ, ക്രമമനുസരിച്ച് മേജർ ആർച്ചുബിഷപ്പുമാർക്ക് പാത്രയർക്കീസിനു തൊട്ടടുത്ത ബഹുമതി മുൻഗണന ലഭിക്കുന്നു" (കാനോന 154).

മലങ്കര കത്തോലിക്കാസഭ സ്വയംഭരണാവകാശമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ട സാഹചര്യത്തിൽ, മേൽപറഞ്ഞ കാനോനിക ഭരണസംവിധാനത്തിലേക്കാണ് കടന്നുവന്നിരിക്കുന്നത്. അതിന്റെ പൊതുപിതാവും മേലദ്ധ്യക്ഷനുമായ മേജർ ആർച്ചുബിഷപ്പ് ആ സ്ഥാനത്തിനടുത്ത പദവിയും സ്വയ അധികാര അവകാശങ്ങൾ ഉൾക്കൊള്ളുന്ന ഔദ്യോഗിക സ്ഥാനവും പദവിയും ആണ് സ്വീകരിച്ചിരിക്കുന്നത്. ചുരുക്കത്തിൽ, ആഗോള കത്തോലിക്കാസഭയിൽ മേജർ ആർച്ചുബിഷപ്പ് എന്ന ഉന്നത മേൽപ്പട്ടസ്ഥാനം വ്യക്തിപരമായ ഒരു പദവി മാത്രമല്ല, കാനോനികമായ സ്വയാധികാര അവകാശങ്ങൾ ഉൾക്കൊള്ളുന്ന ഔദ്യോഗിക സഭാശുശ്രൂഷയുടെ ഉന്നതമായ പദവികൂടിയാണ്.

## പൊതുപിതാവും തലവനും

മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനപ്പേര് സഭയുടെ ആദ്യകാലം മുതലേ മെത്രാപ്പോലീത്താമാരുടെ മേൽ അധികാരമുണ്ടായിരുന്ന മെത്രാപ്പോലീത്തായ്ക്കായി ഉപയോഗിച്ചു പോന്നിട്ടുള്ളതാണ് (Nicea (325) c.4; Ephesus (431) c.8; Cleri Sanctitati cc. 324-334). ആരംഭകാലങ്ങളിൽ പാത്രിയർക്കീസിനു പകരമുള്ള പേരായി ഇത് ചില പ്രാദേശിക സഭകളിൽ ഉപയോഗിക്കപ്പെട്ടിരുന്നു. സാർവ്വത്രികസഭയിൽ പ്രാദേശിക സഭകൾക്ക് രണ്ടാം വത്തിക്കാൻ സുന്നഹദോസിലൂടെ ലഭ്യമായ അംഗീകാരവും അധികാരാവകാശ സമർത്ഥനവും വഴി പ്രാദേശിക സഭകളുടെ പൈതൃകത്തിനും കാനോനികമായ പ്രാബല്യത ലഭിക്കുകയുണ്ടായി. ഒരു പ്രാദേശിക വ്യക്തിഗതസഭയായ മലങ്കര കത്തോലിക്കാസഭയ്ക്ക് ഇപ്പോൾ സംലഭ്യമായത് ഈ കാനോ

നിക സംവിധാനമാണ്. ഈ പുതിയ പൊതുസംവിധാനത്തിലൂടെ ഓരോ പ്രാദേശിക സഭയ്ക്കും ഉണ്ടായിരുന്ന സഭാത്മക പൈതൃകങ്ങൾക്കോ, സഭാ സംവിധാനങ്ങൾക്കോ കുറവോ കോട്ടമോ വരുത്താതെ, അവകളെ അഭംഗുരം പരിരക്ഷിക്കുകയാണ് സാർവ്വത്രികസഭ ചെയ്തിട്ടുള്ളത്. പ്രസ്തുത സഭയിലെ മേലദ്ധ്യക്ഷൻ, പാത്രിയാർക്കൽ സഭയിൽ പാത്രിയാർക്കീസെന്നപോലെ, അവരവരുടെ സഭയിൽ ഏറ്റം ഉന്നതസ്ഥാനീയനായിട്ടാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ തന്നെ കാത്തോലിക്കാസഭയിൽ മേജർ ആർച്ചുബിഷപ്പിനു നൽകിയിരിക്കുന്ന അധികാര അവകാശങ്ങൾ സഭയുടെ കാനോൻ നിയമസംഹിത പ്രകാരം പാത്രിയാർക്കീസിന്റെ അധികാര അവകാശങ്ങൾക്കു തുല്യമാണ് (CCEO cc. 151-154). സ്വയംഭരണാവകാശമുള്ള ഒരു പ്രാദേശിക സഭയുടെ തലവനെന്ന നിലയിൽ സാർവ്വത്രികസഭാദ്ധ്യക്ഷന്റെയും (മാർപ്പാപ്പ) മലങ്കര കത്തോലിക്കാസഭയുടെ തലവന്റെയും ഇടയിൽ മറ്റൊരു അധികാര കേന്ദ്രമില്ല. “മലങ്കര കത്തോലിക്കാസഭയുടെ പൊതു പിതാവും ഉന്നത തലവനുമെന്ന നിലയിൽ ഭാഗ്യമോടെ വാഴുന്ന താങ്കൾക്ക് നൽകിയിരിക്കുന്ന മേജർ ആർച്ചുബിഷപ്പ് സ്ഥാനവും പദവിയും, സാർവ്വത്രിക സഭയുടെ തലവനായ മാർപ്പാപ്പായുമായുള്ള ഐക്യത്തിൽ താങ്കൾ പ്രതിനിധാനം ചെയ്യുന്ന സഭയിലെ ഏറ്റം ഉന്നതമായ അധികാരമായിരിക്കുന്നുവെന്ന് അറിയിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു” (Ignace Cardinal Mousa Daoud, Prot N. 118/2005, 10th May 2005). അതിനാൽ തന്നെ, മലങ്കര സഭാപാരമ്പര്യത്തിൽ നിലനിർത്തുന്ന ‘കാതോലിക്കാ’ സ്ഥാനം മലങ്കര കത്തോലിക്കാസഭയിൽ അതിന്റെ പ്രാദേശിക പരമാദ്ധ്യക്ഷന് സ്വായത്തമാണ്. അതുകൊണ്ട് പ്രസ്തുതസഭയിലെ മേജർ ആർച്ചുബിഷപ്പ് ആ സഭയിലെ ‘കാതോലിക്കോസ്’ ആണ് എന്ന് ധരിക്കുന്നതും അംഗീകരിക്കുന്നതും ന്യായയുക്തമാണ്. ‘കാതോലിക്കോസ്’ എന്ന വാക്കിന്റെ അർത്ഥം ‘പൊതുതലവൻ’ എന്നതുതന്നെ (A Compendious Syriac Dictionary, p.523, Payne Smith).

കാതോലിക്കോസിനുള്ള എല്ലാ അധികാര അവകാശങ്ങളും പദവിയും മേജർ ആർച്ചുബിഷപ്പിന്റെ നിയമനത്തിൽ ഉൾപ്പെട്ടിരിക്കുന്നു. റോമിൽ നിന്നുള്ള നിയമന കല്പനയിൽ കാതോലിക്കോസ് എന്ന് എടുത്തുപറയാതിരുന്നത് ഒരു ആക്ഷേപമായി ചിലർ ഉന്നയിക്കുന്നുണ്ട്. അതിന്റെ കാരണം അത് സുറിയാനി പാരമ്പര്യം പുലർത്തുന്ന ഒരു പ്രാദേശിക വ്യക്തിഗതസഭയിലെ പ്രാദേശിക സംജ്ഞ മാത്രമായതുകൊണ്ടാണ്. അതേ സമയം, കത്തോലിക്കാസഭയിൽ മേജർ ആർച്ചുബിഷപ്പിന്റെ പദവിയും അധികാരാവകാശങ്ങളും കാനോനികമായി നിജപ്പെടുത്തിയിട്ടുമുണ്ട്. കാനൻ നിയമത്തിൽ പൗരസ്ത്യ സഭകൾക്കു പൊതുവായി നിജപ്പെടുത്തിയ ഔദ്യോഗിക തസ്തികകളിലേക്കാണ് നിയമനങ്ങൾ നടക്കുക. ഈ പശ്ചാത്തലത്തിലാണ് മലങ്കര കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പരമാദ്ധ്യക്ഷനായി മേജർ ആർച്ചുബിഷപ്പിനെ നിയമിച്ചിരിക്കുന്നത്. അദ്ദേഹം ആ സഭയുടെ കാതോലിക്കാബാവാ എന്ന പദവിയും ഔദ്യോഗിക നാമവും പേറുന്നു. ആ പദവി മലങ്കര ഓർത്തഡോക്സ്-യാക്കോബായ സഭകളിൽ അംഗീകൃതവും സുപരിചിതവുമാണെന്നുള്ള പ്രത്യേക സവിശേഷതയുമുണ്ട്.

**പൈതൃകത്തിന്റെ ഭാഗം**

'കാതോലിക്കാബാവാ' എന്ന സംജ്ഞ മലങ്കര കത്തോലിക്കാസഭ സ്വന്തമാക്കിയിരിക്കുന്ന പൈതൃകത്തിന്റെ ഭാഗമാണ്. പുരാതനമായ മറ്റു ചില സഭാസമൂഹങ്ങളും അത് സ്വന്തമാക്കിയിട്ടുണ്ട്. "മേജർ ആർച്ചുബിഷപ്പ് എന്നാണ് അദ്ദേഹത്തിന്റെ നിയമനമെന്നുവരികിലും നിങ്ങളുടെ പാരമ്പര്യ പ്രകാരം നിങ്ങളുടെ പിതാവിനെ കാതോലിക്കാബാവാ എന്നുവിളിക്കാം. ചിലർ ഇതിനു തടസ്സമുണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ അതൊന്നും വിജയിച്ചില്ല. കാരണം നിങ്ങളുടെ പാരമ്പര്യത്തിൽ മേജർ ആർച്ചുബിഷപ്പ് എന്നൊരു സ്ഥാനമില്ല. കാതോലിക്കാ ബാവായേയുള്ളൂ. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ, ഏറ്റവും ഉചിതമായിട്ട് നിങ്ങൾ വിളിക്കേണ്ടത് മേജർ ആർച്ചുബിഷപ്പ് എന്നല്ല, കാതോലിക്കാ ബാവാ എന്നു തന്നെയാണ്" (His Eminence Varkey Cardinal Vithayathil: Presidential Address, 14 May 2005).

ഇപ്പറഞ്ഞ കാര്യങ്ങൾ ശരിയായി മനസ്സിലാക്കാതെയാണ് മലങ്കര കത്തോലിക്കാസഭയിലെ മേജർ ആർച്ചുബിഷപ്പിന്റെ നിയമനവും അതിൽ ഉൾക്കൊണ്ടിരിക്കുന്ന കാതോലിക്കാ പദവിയും ഔദ്യോഗിക സ്ഥാനവും വികലമായി അവതരിപ്പിച്ച് ചിലർ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുന്നത്. മലങ്കര ഓർത്തഡോക്സ് സഭയിലെ ചിലരാണ് ഇക്കാര്യത്തിൽ ഏറ്റം പ്രകോപനം കൊണ്ടത്.

**പ്രകോപനം എന്തുകൊണ്ട്?**

മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനെ മേജർ ആർച്ചുബിഷപ്പായി നിയമിച്ചത് താത്പര്യത്തോടെയല്ലെങ്കിലും, അവർ അംഗീകരിക്കുന്നുണ്ട്. എന്നാൽ അത് കാതോലിക്കാബാവാ സ്ഥാനമല്ലെന്നും, കാതോലിക്കാ പദവി മലങ്കര ഓർത്തഡോക്സ് സഭയുടെ മാത്രമായിട്ടുള്ളതാണെന്നും അവരിൽ ചിലർ വാദിക്കുന്നു. വസ്തുതകളുമായി പൊരുത്തപ്പെടാത്ത ഒരു നിലപാടാണിത്. കാര്യങ്ങൾ ചരിത്ര പശ്ചാത്തലത്തിൽ യുക്തിസഹമായി അപഗ്രഥിച്ചാൽ യാഥാർത്ഥ്യം മനസ്സിലാകും.

കാതോലിക്കോസ് എന്ന ഔദ്യോഗിക സ്ഥാനവും പദവിയും പൗരസ്ത്യസഭകളിൽ പ്രത്യേകിച്ച് കിഴക്കൻ സുറിയാനിസഭയിൽ ഉരുവായ ഒരു സ്ഥാനമാണ്. അന്ത്യോക്യാ സഭയുടെ കീഴിലുണ്ടായിരുന്ന കിഴക്കൻ സഭാസമൂഹങ്ങളിൽ പ്രത്യേകിച്ച് കൽദായ യാക്കോബായ സഭകളിലാണ് അത് പ്രാബല്യപ്പെട്ടത്.

പേർഷ്യയിലെ സെല്യൂഷൻ സഭ (പൗരസ്ത്യ സുറിയാനി സഭ) തങ്ങളുടെ സഭ സ്വതന്ത്രമാകാൻ പാശ്ചാത്യ പിതാക്കന്മാരുടെ അനുവാദത്തോടുകൂടി കൽദായ സഭയിൽ രൂപപ്പെടുത്തിയതാണ് കാതോലിക്കേറ്റ് എന്ന പ്രസ്ഥാനവും കാതോലിക്കോസും (ചേടിയത്ത്, "പൗരസ്ത്യ കാതോലിക്കോസ്" p.73). കിഴക്കൻ സഭകളിലെ യാക്കോബായക്കാർക്കു വേണ്ടി സ്ഥാപിതമായതാണ് അവിടെയുണ്ടായ 'മഫ്രിയാനേറ്റും' മഫ്രിയാനായും. ബാർ എബ്രായ എന്ന മഫ്രിയാൻ (1264–1286) തന്റെ പേരിനോട് ചേർത്ത് 'കാതോലിക്കോസ്' എന്ന നാമവും ഉപയോഗിച്ചിരുന്നു.

ഇന്നു പൗരസ്ത്യ സുറിയാനി സഭയിൽപെട്ട മൂന്നു കാതോലിക്കോസ്-പാത്രി

യർക്കീസുമാർ പ്രാചീന കാതോലിക്കോസിന്റെ പിൻതുടർച്ച അവകാശപ്പെടുന്നു. ഇറാക്കിലെ കത്തോലിക്കാ കാതോലിക്കാ-പാത്രിയർക്കിസ്, ഇറാക്കിലെ പൗരസ്ത്യ സഭാ പാത്രിയർക്കീസ് (നെസ്തോറിയൻ), ചിക്കാഗോയിലെ അസിറിയൻ (നെസ്തോറിയൻ) പാത്രിയർക്കീസ് (ചേടിയത്ത്, "പൗരസ്ത്യ കാതോലിക്കോസ്" p.277). ഇതു കൂടാതെ 'അർമേനിയൻ' സഭയും ഈ ഔദ്യോഗിക സ്ഥാനം നിലനിർത്തുന്നു.

മുകളിൽ വിവരിച്ച ചരിത്ര പശ്ചാത്തലത്തിൽ നിന്നു കാതോലിക്കോസിന്റെ ആവിർഭാവം എവിടെനിന്നാണെന്നും, ഈ കാലഘട്ടത്തിൽ ആ സ്ഥാനത്തിന്റെ ഉപയോഗം എവിടെയൊക്കെയുണ്ടെന്നും സുവിദിതമാണ്. അതിൽ നിന്നു തന്നെ, ഓർത്തഡോക്സ് സഭ നടത്തുന്ന കുത്തക അവകാശവാദത്തിന്റെ അർത്ഥശൂന്യതയും മനസ്സിലാക്കുവാൻ കഴിയും.

## കാതോലിക്കോസ് മലങ്കരസഭയിൽ

- Each group may come together for addition, correction and for inclusion of cannons which are most needed for the growth and development of our Church. It is important that each member should be aware of the mind of the Church, the need of the Church and its role in the modern world. For this one should be more realistic and be practical minded with regard to the role of the Malankara Church in our society and in the world around.
- We need to work with a time bound plan.
- The final draft should have to be approved by the Synod of Bishops of the Malankara Catholic Church and then it has to be sent to Rome.

Having made the necessary proposals the members were given a break. After the break, a few articles from each section were taken out for sample study and correction. This helped the members of the working Committees to analyze and evaluate the preliminary draft in the manner initiated by His Beatitude. After lunch the members came together for a short while to deliberate their plan of action. These groups were led by their respective convenors.

It was decided that the draft should be studied, improved, and codified and sent to the convenor before Feb. 20$^{th}$ 2005.

**Conclusion**

His Beatitude, as a concluding remark, said that it is to be kept in mind that the main thrust of codifying the particular law of our Church is to re-capture the spirit of our tradition and the spirituality of our Church and to disseminate them to our faithful in an authentic and practical way.

His Beatitude congratulated Frs. Antony Valiyavilayil and Fr. John Kochuthundil who edited and compiled the preliminary draft received from

the various study groups of the First Drafting Committee. The meeting ended at 2.30 p.m. with a vote of thanks proposed by Rev. Fr. John Kochuthundil, the Convenor of the Codification of the Particular Law.

## STUDY GROUPS AND THE TOPICS

### GROUP – ONE

**1. Rev. Dr. Antony Valiyavilayil OIC (Convenor)**
2. Rev. Dr. George Thomas OIC
3. Very Rev. Dr. Chacko Aerath OIC
4. Rev. Dr. Antony Kakkanattu
5. Rev. Fr. Sylvester OIC
6. Rev. Fr. Abraham Pappadiyil
7. Rev. Fr. Raju Parakottil
8. Rev. Sr. Dr. Ardra SIC
9. Rev. Sr. Dr. Anila Christy DM
10. Mr. John Titus
11. Dr. Cherian Thomas

#### TOPICS

**Part One:**
Historical Preamble (p. v); General Canons, The Hierarchical Constitution of the Syro Malankara Catholic Church (pp.1-36)
**Part Four:**
Religious, Laity Association (pp.56-68)

### GROUP – TWO

**1. Rev. Dr. Mariadas OIC (Convenor)**
2. Very Rev. Fr. John Varghese Easwarankudiyil
3. Rev. Dr. Joseph Gnayalloor
4. Rev. Dr. George Kalayil
5. Rev. Dr. John Padipurackal
6. Rev. Dr. Abraham Kakkanattu
7. Rev. Dr. Varghese Thannickakuzhy
8. Very Rev. Fr. Thomas Kumbukkatt

9. Rev. Fr. Idicula Pandiathu
10. Rev. Dr. Mariadas (Marthandam)
11. Very Rev. Fr. James Mammoottil OIC

**TOPICS**

**Part Two:**

Eparchies and Bishops (pages 37-46)

**Part Three:**

Parish Administration and Clerics (pages 47-55)

**Part Eight:**

Offices and the Temporal Goods of the Church (90-94)

**Part Seven:**

Ecumenism, Dialogue with other Religions and *Communicatio in Sacris* ( page 89)

**GROUP – THREE**

**1. Rev. Dr. John Kochuthundil (Convenor)**
2. Rev Fr. Philip Pantholil
3. Very Rev. Fr. S. Varghese
4. Rev. Fr. Samuel Thaikkoottathil
5. Rev. Fr. Mathew Karimpil
6. Rev. Dr. Samuel Kattukallil
7. Rev. Fr. Thomas Thanickakuzhy
8. Rev. Fr. P.T.Thomas
9. Rev. Dr. Kuriakose Thadathil
10. Rev. Dr. Mathai Kadavil OIC
11. Rev. Fr. John Charivupurayidathil

**TOPICS**

**Part Five:**

Divine Worship and Administration of the Sacraments (pages 69-85)**;**

**Part Six:**

Sacramentals, Holy Places, Sacred Times, Veneration of Saints, Oath (pages 86-88)

## GUIDELINES FOR CODIFICATION

1. Fill in the provisions of the particular laws given in the Code of Canons of the Eastern Churches (CCEO). For this you may verify the given draft with the attached list of canons.
2. Basing on our ecclesial tradition draft extension of particular laws, if it is needed.
3. Codify each canon in the first draft juridically and in accordance with the mind of the Church.
4. Note down the juridical and other sources of each canon.
5. **The last date of submitting the second draft is on 20th February 2006**.

**Sr. Ardra S.I.C.**
Secretary

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും പട്ടക്കാർക്കും
ശെമ്മാശ ഗണങ്ങൾക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 4/2005

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ
ത്രീയേക ദൈവത്തിന്റെ തിരുനാമത്തിനു സ്തുതി!

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യവൈദികരെ, ശെമ്മാശന്മാരെ, പ്രിയപ്പെട്ട സന്യസ്തരെ, കർത്താവിൽ പ്രിയ വിശ്വാസികളെ!

മലങ്കര കത്തോലിക്കാസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായും, അതിന്റെ മേലദ്ധ്യക്ഷനെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ ആയും ഉയർത്തിയിരിക്കുന്ന ഈ അവസരത്തിൽ സർവ്വശക്തനായ ദൈവത്തിന് ഈ വലിയ കൃപകൾക്ക് നമുക്ക് നന്ദി അർപ്പിക്കാം. നമ്മുടെ പ്രാദേശികസഭയ്ക്ക് സാർവ്വത്രികമായി ലഭിച്ച സമുന്നതമായ ഒരു അംഗീകാരമാണ് ഇത്. ഇതുവഴി സഭയ്ക്ക് പ്രസ്തുത സഭാകൂട്ടായ്മയിൽ, ഉന്നതമായ സ്ഥാനവും അധികാര അവകാശങ്ങളും ഉത്തരവാദിത്തങ്ങളുമാണ് അംഗീകൃതമായിട്ടുള്ളത്. സാർവ്വത്രിക കൂട്ടായ്മയും പ്രാദേശിക യാഥാർത്ഥ്യങ്ങളും സമന്വയിപ്പിച്ചുകൊണ്ട്, മലങ്കരസഭയുടെ തനിമയിൽ, സ്വയംഭരണാവകാശത്തോടെ സഭാമക്കൾ മുന്നേറാനുള്ള ഒരു ദൈവീക ആഹ്വാനമായി ഇതിനെ നാം മനസ്സിലാക്കണം.

സ്വയംഭരണാവകാശമുള്ള ഒരു വ്യക്തിഗതസഭയായി നമ്മുടെ മലങ്കര കത്തോലിക്കാസഭ ഉയർത്തപ്പെട്ടു എന്നതിന്റെ അർത്ഥം ഒരു സുന്നഹദോസ് ഭരണസംവിധാനത്തിലേക്ക് അത് വളർന്നു എന്നതാണ്. വളരെ ഗൗരവമായ ഒരു ഉത്തരവാദിത്വത്തിലേക്കാണ് സഭാ മലദ്ധ്യക്ഷന്മാരേയും ദൈവജനത്തേയും ഇത് ക്ഷണിക്കുന്നത്. ഇതുവരെയും പരിപോഷിപ്പിക്കപ്പെട്ട സഭ, ഇനിയും സ്വയം വളർന്ന് ദൈവജനത്തെ ഒന്നാകെ പുരോഗതിയിലേക്ക് വളർത്തുന്നവളായിത്തീരണം. സ്വയമായി

കാര്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ പക്വതയും, പാകതയും, വികാസവും അത് ആർജ്ജിക്കണം.

സഭാപാരമ്പര്യത്തിൽ സുന്നഹദോസിന്റെ കൂട്ടായ്മ സഭാകൂട്ടായ്മയുടെ പ്രതീകമാണ്. സഭാസമൂഹത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും സഭാ മേലദ്ധ്യക്ഷൻമാരുടെ കൂട്ടായ്മ തീർത്തും അനിവാര്യമാണ്. ദൈവിക ത്രിത്വാധിഷ്ഠിതമായ ഒരു കൂട്ടായ്മയാണിത്. സുന്നഹദോസിന്റെ ഈ ഐക്യമാണ് സഭയുടെ ശക്തിയും ഉൾഭരണസ്വാതന്ത്ര്യത്തിന്റെ സ്രോതസ്സും. പരിശുദ്ധാത്മ സാന്നിദ്ധ്യമാണ് സുന്നഹദോസിലെ കൂട്ടായ്മയുടെ ചാലകശക്തി. ആയതിനാൽ, പരിശുദ്ധാത്മപൂരിതമായ ഒരു ശ്ലൈഹിക കൂട്ടായ്മ എന്നതിനാൽ, സുന്നഹദോസ് പാവനവും പരിശുദ്ധവുമാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട മലങ്കര കത്തോലിക്കാസഭ ഇനിയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് കൂട്ടായമയിലും നേതൃത്വത്തിലും ദൈവജനത്തിന് ദൈവിക ശുശ്രൂഷ നിർവ്വഹിക്കും.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭാഭരണ സംവിധാനത്തിലെ ഉന്നത ഭരണ സമിതിയാണ് മെത്രാൻമാരുടെ സുന്നഹദോസ് അഥവാ സിനഡ്. ഇതിന്റെ പരമാദ്ധ്യക്ഷൻ നമ്മുടെ സഭയുടെ മേജർ ആർച്ചുബിഷപ്പ് അഥവാ കാതോലിക്കാബാവായാണ്. മേജർ ആർച്ചുബിഷപ്പ്-കാതോലിക്കായെയും, സഭാ അതിർത്തിക്കുള്ളിലുള്ള മെത്രാൻമാരേയും തെരഞ്ഞെടുക്കുവാനുള്ള അധികാരം ഈ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നു. സഭയിലെ നിയമനിർമ്മാണ സമിതിയായും സമുന്നത കോടതിയായും സുന്നഹദോസ് നിലകൊള്ളുന്നു. (CCEO Can. 63,85,110 etc.,.)

കർത്താവിൽ പ്രിയ സഹോദരങ്ങളെ, മക്കളെ!

മലങ്കര സഭയ്ക്ക് സംലഭ്യമായ ദൈവകൃപകളെ നമുക്ക് ഹൃദയപൂർവ്വം അനുസ്മരിക്കാം. ഈ ആഗസ്റ്റ് 16-ാം തീയതി മുതൽ 19 വരെ തിരുവനന്തപുരത്തെ കാതോലിക്കേറ്റ് ആസ്ഥാനത്തു വെച്ച് സഭയുടെ ആദ്യത്തെ ഔദ്യോഗികമായ സുന്നഹദോസ് നടക്കുകയാണ്. ഇതിന്റെ വിജയത്തിനായി സഭാമക്കൾ ഏവരുടെയും പ്രാർത്ഥന നാം അഭ്യർത്ഥിക്കുന്നു.

ഇതിനോടകം, കഴിഞ്ഞ മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ തിരുവല്ല ഭദ്രാസനത്തിലെ ചെറുപുഷ്പഗിരിയിൽ വെച്ച് സുന്നഹദോസിന്റെ ഒരു പ്രാരംഭ ചർച്ചാസമ്മേളനം നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ സ്ഥാനാരോഹണ ശുശ്രൂഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും വിവിധ പ്രേഷിത മേഖലകളുടെ സംവിധാനത്തെക്കുറിച്ചും പ്രാർത്ഥനാപൂർവ്വമായ വിചിന്തനങ്ങൾ നടന്നു. കഴിഞ്ഞ മെയ് 14-ന് നടന്ന സ്ഥാനാരോഹണ ചടങ്ങിന് ശേഷം നടത്തുന്ന പ്രഥമ ഔദ്യോഗിക സുന്നഹദോസ് എന്ന നിലയിൽ ഈ സുന്നഹദോസ് വളരെ പ്രാധാന്യമർഹിക്കുന്നു. പൊതു സിനഡ്, സ്ഥിര സിനഡ് ഇവകളുടെ സംവിധാനം, വിവിധ പ്രേഷിത കമ്മീഷനുകളുടെ രൂപീകരണം, വിവിധ സഭാകോടതികളുടെ നിയമാവലിയുടെ രൂപീകരണം, മലങ്കരസഭയുടെ പ്രത്യേക നിയമനിർമ്മാണം തുടങ്ങിയ അടിയന്തിര വിഷ

യങ്ങൾ ഈ സുന്നഹദോസിൽ ചർച്ചയക്ക് വിധേയമാകും.

ഇത്തരുണത്തിൽ, മലങ്കര കത്തോലിക്കാസഭയുടെ പ്രാദേശിക വ്യക്തിത്വത്തിനായും, ഉൾഭരണ സ്വാതന്ത്ര്യത്തിനായും, പരിശുദ്ധ സുന്നഹദോസ് സംവിധാനത്തിനുമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ഭാഗ്യസ്മരണാർഹരായ നമ്മുടെ പിതാക്കന്മാരുടെയും, വന്ദ്യവൈദികരുടെയും, സന്യസ്തരുടെയും, വിശ്വാസികളുടെയും സജീവസ്മരണ നാം നിലനിർത്തുന്നു.

സുന്നഹദോസിന്റെ വിജയത്തിനായി ഏവരുടെയും തീവ്രവും നിരന്തരവുമായ പ്രാർത്ഥന നാം അഭ്യർത്ഥിക്കുന്നു.

ആയത് ദൈവമാതാവായ പ. കന്യകാമറിയാമിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, അപ്പസ്തോല സമൂഹത്തിന്റെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**മോറോൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ**

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്

05.08.2005

തിരുസന്നിധി

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി.കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

By the grace of God and by the approval of the Holy See
From the Major Archbishop of the Malankara Catholic Church
**Moran Mor Cyril Baselios Catholicos**
Blessings to all Bishops, Priests, Deacons, Religious and the Faithful

Prot. No. CPL 4/2005

## Praise be to the Holy Name of the Triune God, Self-existent, Almighty, Eternal and Consubstantial!

Most reverend Bishops, reverend Priests, Deacons, dear Religious and beloved Faithful in Christ!

Let us offer gratitude to God almighty for his great graces on this occasion when the Malankara Catholic Church is raised to the status of a Major Archiepiscopal Church and its head elevated as Major Archbishop-Catholicos. It is the highest acceptance that our Church received universally. Through this an esteemed status, authority, rights and obligations of our Church are recognized in the communion of the Catholic Church. We have to understand this as a divine invitation to go forward harmonizing universal communion and local realities, safeguarding the identity of the Malankara Church with the right to self-governance.

The fact that our Malankara Catholic Church is raised to a self-governing individual Church means that it has grown to the status of the governance of a synodal structure. This invites the Hierarchs of the Church and the People of God to a very serious responsibility. The Church that was nourished so far has to grow by itself now, to make the People of God grow. It ought to attain maturity and development into further prosperity to accomplish its responsibilities by itself.

In the tradition of the Church, the synodal communion is the symbol of the communion of the Church. The communion of the Hierarchs of the Church is essential for the growth and existence of the ecclesial community. It is founded on the divine Trinitarian communion. This unity of the Synod is the power of the Church and source of freedom of self governance. The presence of the Holy Spirit is the dynamic power of the communion of the Synod. Therefore, as an apostolic communion inspired by the Holy Spirit, the Synod is sacred and holy. The Malankara Catholic Church, elevated to the Major Archiepiscopal status, will perform divine service to the People of God in the communion and leadership of the Episcopal Synod.

The Episcopal Synod is the superior instance of government in the system of Major Archiepiscopal ecclesial governance. The superior head of this Synod is the Major Archbishop or Catholicos of our Church. In this Synod is vested the power to elect the Major Archbishop-Catholicos and the Bishops who exercise authority within the territorial boundaries of our Church. Besides being executive, the Synod is also the superior legislative and judicial body (CCEO cc 63, 85, 110, etc.).

Beloved Brothers and Children in Christ!

Let us heartily recall to mind the graces of God showered upon the Malankara Church. The first canonical Synod of our Church is to be held at our Catholicate Centre in Thiruvananthapuram from 16 to 19 August 2005. I request the prayers of all the members of our Church for the success of this Synod.

From 30 March to 1 April 2005, we held a preparatory discussion and gathering of the Synod at Cherupushpagiri, in the Eparchy of Tiruvalla. In that gathering we had prayerfully pondered over the Enthronement service and the structuring of the various apostolic activities of our Church. The present Synod has a special importance as the First Canonical Synod after the Enthronement service on 14 May 2005. The structuring of the Ordinary Synod, and of the Permanent Synod, the formation of the various commissions of apostolic activities, drafting the statutes of the various ecclesial tribunals, the codification of the particular law of our Church and other important matters are there on the agenda of this Holy Synod.

On this occasion we earnestly cherish the living memory of all our venerable Archbishops and Bishops, reverend priests, religious and the faithful who desired and prayed to see our Malankara Catholic Church in its local individuality, internal freedom of governance and holy synodal structuring.

I request all of you, your ardent and continuous prayers for the success of the Synod.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and all the saints, especially our Father and Apostle St. Thomas and the College of Apostles. Amen.

Your humble servant in Christ

+ Mar Baselios

**Moran Mor Cyril Baselios Catholicos**
The Major Archbishop of the Malankara Church.

Thirusannidhi
05.08.2005.

Our Father in heaven… …

N.B. This pastoral letter should be read in all our churches, mission centres and centres of worship during the holy qurbono next Sunday.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും പട്ടക്കാർക്കും
ശെമ്മാശ ഗണങ്ങൾക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 5/2005

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ
ത്രീയേക ദൈവത്തിന്റെ തിരുനാമത്തിനു സ്തുതി!

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യവൈദികരെ, ശെമ്മാശന്മാരെ, പ്രിയപ്പെട്ട സന്യസ്തരെ, കർത്താവിൽ പ്രിയ വിശ്വാസികളെ!

മാർത്തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി മലങ്കരയിൽ രൂപവും ഭാവവും നേടിയ ഒരു പ്രാദേശികസഭയാണ് മലങ്കരസഭ. തനതായ അപ്പോസ്തോലിക പാരമ്പര്യത്തിൽ, ആദിമസഭയുടെ ആദ്ധ്യാത്മിക ചൈതന്യത്തിൽ ഈ വിശ്വാസികളുടെ കൂട്ടായ്മ ഇവിടെ ശക്തിപ്പെട്ടു. ഈ സഭാസമൂഹം ആദ്യദശകങ്ങളിൽ സഭൈക്യത്തിലും സാർവ്വത്രികസഭയുടെ കൂട്ടായ്മയിലും ആയിരുന്നുവെന്നുള്ളത് വ്യക്തമാണ്. എന്നാൽ 17-ാം ശതകത്തിലെ വിദേശമിഷനറിമാരുടെ കടന്നുവരവ് ഈ സഭാകൂട്ടായ്മയിൽ വിഭജനം ഉളവാക്കി. സാർവ്വത്രികകൂട്ടായ്മയിൽ നിന്നുള്ള അകൽച്ചയായിരുന്നു ഇതിന്റെ പരിണിതഫലം.

സഭൈക്യത്തിന്റെ കരുത്തുറ്റ പ്രവാചകനും, അതുല്യവ്യക്തിത്വത്തിന്റെ ഉടമയുമായി മലങ്കര സഭയിൽ നിറഞ്ഞുനിന്ന മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കരസഭ, സാർവ്വത്രിക സഭയുടെ സമ്പൂർണ്ണ കൂട്ടായ്മയിൽ പ്രവേശിച്ചിട്ട് ഇപ്പോൾ 75 വർഷം പൂർത്തിയാവുകയാണ്. ഈ ചരിത്രസംഭവത്തിലൂടെ സർവ്വശക്തനായ ദൈവം നമ്മുടെ സഭയ്ക്കു പ്രദാനം ചെയ്ത നിരവധിയായ നന്മകളും നേട്ടങ്ങളും നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കേണ്ട അവസരമാണിത്. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ, സാർവ്വത്രികസഭാ കൂട്ടായ്മയിലേക്ക് നമ്മെ ആനയിച്ച എല്ലാ വന്ദ്യപി

താക്കന്മാരേയും, വൈദികരേയും, സന്യസ്തരേയും, ദൈവജനത്തേയും ദൈവതൃക്കരങ്ങളിൽ നമുക്കു ഭരമേൽപ്പിക്കാം. അവർ കാണിച്ചുതന്ന സത്യത്തിന്റേയും, ഐക്യത്തിന്റേയും പാതയിലൂടെ ഒരു വിശ്വാസിസമൂഹമായി നമുക്കു മുന്നേറാം.

ത്രീയേകദൈവത്തിന്റെ ജീവനിലുള്ള പങ്കാളിത്വമാണ് ഐക്യം അഥവാ കൂട്ടായ്മ. എവിടെ കൂട്ടായ്മയുണ്ടോ അവിടെ ദൈവസാന്നിദ്ധ്യമുണ്ട്. ഈ യാഥാർത്ഥ്യം സഭാത്മക ജീവിതത്തിലാണ് ആഴത്തിൽ ഉൾക്കൊള്ളുന്നത്. അതുകൊണ്ടുതന്നെ, വിഭജിതമായ മലങ്കരസഭ സാർവ്വത്രികസഭയുമായുള്ള ഐക്യത്തിനായി ആഗ്രഹിച്ചു. 1930-ൽ മലങ്കരസഭയിൽ നടന്ന പുനരൈക്യം പൊടുന്നനെ ഉണ്ടായ ഒരു സംഭവവികാസമല്ല. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയും, സാർവ്വത്രിക സഭാ കൂട്ടായ്മയായ റോമിലെ അപ്പോസ്തോലിക സഭയും തമ്മിൽ നടന്ന നിരന്തരമായ സംവാദത്തിന്റെ അനന്തരഫലമായിരുന്നു ഈ പുനരൈക്യം. അതുവഴി അതിപുരാതനമായ ഒരു പ്രാദേശിക അപ്പോസ്തോലിക സഭയുടെ ആരാധനയും, ആദ്ധ്യാത്മിക പൈതൃകങ്ങളും, പാരമ്പര്യങ്ങളും സാർവ്വത്രികസഭാകൂട്ടായ്മയുടെ പൊതു സ്വത്തായി. വത്തിക്കാൻ സുന്നഹദോസ് വിഭാവനം ചെയ്ത സഭൈക്യദർശനത്തിന്റെ മുൻ ആവിഷ്കരണമായി ഇതിനെ കണക്കാക്കാം.

സാർവ്വത്രികസഭാ കൂട്ടായ്മയിലൂടെ മാത്രമേ ഒരു പ്രാദേശിക സഭയ്ക്ക് അതിന്റേതായ സഭാത്മക പൂർണ്ണത കൈവരുകയുള്ളൂ. മലങ്കരസഭ പുനരൈക്യംവഴി നേടിയെടുത്തതും ഈ പൂർണ്ണതയാണ്. സഭാത്മക ജീവിത പൂർണ്ണതയുടെ പ്ലാറ്റിനം ജൂബിലിയാണ് നമ്മുടെ സഭ ഇന്ന് ആഘോഷിക്കുന്നത്.

കഴിഞ്ഞ കാലഘട്ടങ്ങളിലെ മലങ്കര കത്തോലിക്കാ സഭയുടെ അഭൂതപൂർവ്വമായ വളർച്ച ആഗോളസഭയിൽ പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പിതാക്കന്മാരുടെ ഔദ്യോഗിക റോമാ സന്ദർശന വേളയിൽ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, ലോകത്തിലെ ഏറ്റവും ശീഘ്രമായി വളരുന്ന ഒരു സഭയായി മലങ്കര കത്തോലിക്കാസഭയെ അംഗീകരിച്ചത് ഇതിന് ഏറ്റം വലിയ തെളിവാണ്. സഭാമക്കൾ ഏവർക്കും അഭിമാനവും ഉത്തേജനവും നൽകുന്ന ഒരു പ്രഖ്യാപനമായിരുന്നു അത്.

ഇക്കഴിഞ്ഞ ഫെബ്രുവരി 10-ന് പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ മലങ്കരസഭയെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായും, അതിന്റെ മേലദ്ധ്യക്ഷനെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസായി നിയമിക്കുകയും ചെയ്തതുവഴി സാർവ്വത്രിക സഭയിൽ മലങ്കര കത്തോലിക്കാസഭയുടെ അംഗീകാരം അതിന്റെ പൂർണ്ണതയിൽ എത്തിയിരിക്കുകയാണ്. പ്ലാറ്റിനം ജൂബിലിയുടെ ഈ അവസരത്തിൽ പരമകാരുണികനായ ദൈവം സഭയ്ക്കു നൽകിയ മഹത് സമ്മാനമായി ഇതിനെ നാം മനസ്സിലാക്കണം. ഒരു പ്രാദേശിക സഭയെന്ന നിലയിൽ പ്രസ്തുത സഭയുടെ അപ്പോസ്തോലികത്വവും, ആദ്ധ്യാത്മികപൈതൃകങ്ങളും സ്വയംഭരണാവകാശവും അധികാരവും ആഗോളസഭയിൽ അംഗീകരിക്കപ്പെട്ടുവെന്ന വസ്തുത വ്യാപകമായി ചിന്തിച്ചാൽ മലങ്കരമക്കൾക്ക് ആകമാനം ലഭിച്ച ഒരു അംഗീകാരമാണ്.

ഈ വലിയ അംഗീകാരം സഭാമക്കളെ വിനയത്തിലേക്കും, തീവ്രമായ സഭാശുശ്രൂഷാ മനോഭാവത്തിലേക്കും നയിക്കണം. തിരുവചനത്തിലെ, കൂടുതൽ

താലന്ത് ഭരമേൽപ്പിക്കപ്പെട്ട ഭൃത്യരെപ്പോലെ നാം വർത്തിക്കണം. സഭയ്ക്കു ലഭിച്ചിരിക്കുന്ന വിളിയനുസരിച്ച് പ്രാദേശിക തലത്തിൽ സാർവ്വത്രികസഭയുടെ ആവിഷ്കാരവും സാന്നിദ്ധ്യവുമായി അവൾ നിലകൊള്ളണം. വിഭജിതമായി വിഘടിച്ചു നിൽക്കുന്ന എല്ലാ സഭാസമൂഹങ്ങളെയും ഈ ഐക്യധാരയിലേക്ക് കൊണ്ടുവരികയെന്നത് സഭയുടെ ദൈവദത്തമായ കടമയാണ്.

കർത്താവിൽ പ്രിയ സഹോദരങ്ങളെ, മക്കളെ,

നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ഈ വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ സഭ മുഴുവനും, ഓരോ ഭദ്രാസനവും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഒരു സഭയെന്ന വികാരം നമ്മെ ഭരിക്കണം. നമ്മുടെ പുനരൈക്യ പ്രവർത്തനങ്ങളും, മിഷൻ ചൈതന്യവും ഊർജ്ജസ്വലതയോടെ നാം മുന്നോട്ടു കൊണ്ടുപോകണം. നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, ചൈതന്യവത്താക്കി നിലനിർത്തുന്നതിനും വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ നാം സ്വീകരിച്ചേ മതിയാകൂ. സഭാസംവിധാനങ്ങളും, സംഘടനകളും ശക്തിപ്പെടുത്തി, മെത്രാൻമാരും, വൈദികരും, സന്യസ്തരും, വിശ്വാസികളും സമർപ്പണ ബോധത്തോടെ കർമ്മ നിരതരാകുവാനുള്ള അവസരമാണിത്.

പുനരൈക്യ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മദേശമായ മാവേലിക്കരയിൽ വച്ച് ഈ വരുന്ന സെപ്റ്റംബർ 19,20,21 തീയതികളിൽ പതിവുപോലെ നടക്കുന്നതാണ്. പരിപാടികളുടെ വിശദവിവരങ്ങൾ എല്ലാവരെയും യഥായോഗ്യം അറിയിക്കുന്നതാണ്.

അത്ഭുതകരമായ ദൈവപരിപാലനയുടെ 75 വർഷമാണ് നാം പിന്നിടുന്നത്. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നമുക്ക് ഒത്തുചേരാം. മലങ്കര സഭയുടെ തനതായ പാരമ്പര്യങ്ങളും, സാർവ്വത്രികസഭയുടെ കൂട്ടായ്മ പകരുന്ന ശക്തിയും സമസ്തതയും നമ്മെ ധന്യരാക്കട്ടെ. കടന്നുവരുന്ന പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ സത്യാന്വേഷികളായ നമ്മുടെ സഹോദരങ്ങൾക്ക് ഹൃദയം തുറക്കാനുള്ള ഒരാഹ്വാനവും സാക്ഷ്യവുമാകട്ടെയെന്ന് നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആയത് ദൈവമാതാവായ പ. കന്യകാമറിയാമിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, അപ്പസ്തോല സമൂഹത്തിന്റെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Baselios

**മോറോൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ**
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്

10.08.2005
തിരുസന്നിധി

By the grace of God and by the approval of the Holy See
From the Major Archbishop of the Malankara Catholic Church
**Moran Mor Cyril Baselios Catholicos**
Blessings to all Bishops, Priests, Deacons, Religious and the Faithful

Prot. No. CPL 5/2005

## Praise be to the Holy Name of the Triune God, Self-existent, Almighty, Eternal and Consubstantial!

Most reverend Bishops, reverend Priests, Deacons, dear Religious and beloved Faithful in Christ!

The Malankara Church is an Apostolic local Church that got its form and shape from the missionary activities of St. Thomas the Apostle. This communion of the faithful strengthened itself here in its own apostolic tradition and spiritual fervor of the ancient Church. It is clear, that this ecclesial community was in unity and communion with the universal Church in the early decades. But, the coming of the foreign missionaries in the seventeenth century brought about division in this ecclesial communion. The after-effect of this was its alienation from the universal communion.

The Malankara Church completes seventy-five years of its entry into full communion with the universal Church under the leadership of Mar Ivanios, who was a strong prophet of ecclesial unity and an unparalleled personality who made his presence felt in the whole of the Malankara Church. This is a time when we have to recall with a heart full of gratitude, the manifold blessings and achievements that God almighty has showered upon our Church through this historical event. On this occasion when we celebrate the platinum jubilee

of the Reunion Movement, let us entrust into the holy hands of God all our most reverend Bishops, priests, religious and the people of God, who lead us to the communion with the universal Church. We shall march forward as a community of faithful through the path of truth and unity that they showed us.

Unity or communion is the participation in the life of the Triune God. Where there is communion, there is the presence of God. This reality is contained in its depth in the ecclesial life. Precisely because of this, the divided Malankara Church desired for unity with the Universal Church. The Reunion that took place in the Malankara Church in 1930 was not a accidental event. This reunion was the final result of a continuous dialogue between the Malankara Church founded by St. Thomas the Apostle and the Apostolic Church of Rome, a communion of the universal Church. Through this, the liturgy, spiritual heritage and traditions of a very ancient local apostolic Church became the common patrimony of the universal communion of the Church. This could be considered as a prelude to the vision of unity of the Second Vatican Council.

A local Church attains the fullness of its ecclesiality only through its communion with the universal Church. The Malankara Church obtained this fullness through the Reunion. Today our Church celebrates the platinum jubilee of the fullness of this ecclesial life.

The unprecedented growth of the Malankara Catholic Church in the past has been very specially taken note of in the Universal Church. The greatest proof of this can be seen in the acceptance of the Malankara Catholic Church as the fastest growing Church in the world by the Holy Father Pope John Paul II of venerable memory during the canonical visitation of our Bishops to Rome. This proclamation was very encouraging and promoted self-esteem for the children of the Church.

Through the elevation the Malankara Church as a Major Archiepiscopal Church and the appointment of its chief Hierarch as Major Archbishop-Catholicos, the recognition of the Malankara Catholic Church has attained its fullness in the Universal Church. On this occasion of the Platinum Jubilee, we have to acknowledge this as a great gift bestowed on the Church by the most merciful God. If we think of it in a broad way, it could be seen that, the recognition of the apostolicity, spiritual patrimonies, the right to self-governance and authority of this local Church in the universal Church, is a recognition received by the People of Malankara as a whole.

This great recognition should lead the children of the Church to humility and to an attitude of fervent ecclesial service. As we see in the Word of God,

we should conduct ourselves as the servants entrusted with more talents. In accordance with the call of the Church, she has to be the manifestation and presence of the universal Church at the local level. It is the God-given obligation of the Church to bring to the path of unity all divided and desparate ecclesial communities.

Beloved Brothers and Children in the Lord,

In order to take up these great responsibilities the Church as a whole and each Eparchy should rise up and work together. The feeling that we are one Church should rule over us. We should promote our Reunion endeavors and mission spirit with vigour. We should inevitably adopt uncompromising stands to protect our ecclesial traditions and make them livelier. This is an occasion when our bishops, priests, religious and faithful have to work with enthusiasm and with a will of dedication, strengthening our ecclesial structures and associations.

The Platinum Jubilee celebrations will be held at Mavelikara, the birth place of Mar Ivanios of happy memory, on 19, 20, 21 September as usual. All will be duly informed of the details of the programme.

We leave behind 75 years of miraculous divine providence. Let us gather together with thankful hearts. Let the Malankara Church's own traditions and the power and wholeness that the communion of the Universal Church bestows on us make us blessed. We desire and pray that the forthcoming Platinum Jubilee celebrations be an invitation and witness to our brothers who seek truth to open up their hearts.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and all the saints, especially our Father and Apostle St. Thomas and the College of Apostles. Amen.

Your humble servant in Christ

+ Mar Baselios

Thirusannidhi
10.08.2005.

Moran Mor Cyril Baselios Catholicos
The Major Archbishop of the Malankara Church.

Our Father in heaven… …

---

N.B. This pastoral letter should be read in all our churches, mission centres and centres of worship during the holy qurbono next Sunday.

---

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും പട്ടക്കാർക്കും
ശെമ്മാശ ഗണങ്ങൾക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 6/2005

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ
ത്രീയേക ദൈവത്തിന്റെ തിരുനാമത്തിനു സ്തുതി!

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യവൈദികരെ, ശെമ്മാശന്മാരെ, പ്രിയപ്പെട്ട സന്യസ്തരെ, കർത്താവിൽ പ്രിയ വിശ്വാസികളെ!

നമ്മുടെ മലങ്കര കത്തോലിക്കാസഭ സ്വയംഭരണാവകാശമുള്ള ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷം അതിന്റെ ആദ്യത്തെ എപ്പിസ്കോപ്പൽ സിനഡ് ഇക്കഴിഞ്ഞ ഓഗസ്റ്റ് 16-18 തീയതികളിൽ സമ്മേളിക്കുകയുണ്ടായി. അത്യാവശ്യമായും ഉളവാകേണ്ട സഭയുടെ ചില അടിസ്ഥാന ക്രമീകരണങ്ങളാണ് സുന്നഹദോസിൽ പ്രധാന ചർച്ചാവിഷയമായത്.

എപ്പിസ്കോപ്പൽ ജനറൽ സിനഡും, സ്ഥിര സിനഡും രൂപീകരിച്ച് അംഗീകരിച്ചു. സിനഡ് പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന 18 കമ്മീഷനുകൾ രൂപീകരിക്കുകയും ഓരോന്നിന്റെയും അദ്ധ്യക്ഷനായി ഒരോ മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തുകയും ചെയതു. *താഴെപ്പറയുന്നവയാണ് കമ്മീഷനുകൾ: ആരാധനക്രമം: മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ, യുവജനങ്ങൾ, സഭൈക്യം, സംവാദം, സുവിശേഷവൽകരണം: അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് തിരുമേനി, കുടുംബം, അത്മായ-ഭക്ത സംഘടനകൾ: അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനി, ബൈബിൾ പ്രേഷിതത്വം, പുരോഹിതർ, സന്യസ്തർ: അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, വിശ്വാസ പരിശീലനം, ദൈവശാസ്ത്രവും പ്രസിദ്ധീകരണങ്ങളും, വൈദിക പരിശീലനം: അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി, വിദ്യാഭ്യാസം, ആരോഗ്യം, മാദ്ധ്യ*

*മങ്ങളും - പൊതുവായ ആഘോഷങ്ങളും, സാമൂഹ്യക്ഷേമവും - ദളിത് ക്രിസ്ത്യാനികളും: അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, ദൈവവിളി: അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനി, ഇന്ത്യയ്ക്ക് പുറത്തുള്ള സഭാമക്കളുടെ അജപാലനം: അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി.*

ഓരോ കമ്മീഷന്റെയും അദ്ധ്യക്ഷനു പുറമെ സെക്രട്ടറിയായി ഒരു വൈദികനെയോ കന്യാസ്ത്രീയെയോ അൽമായവിശ്വാസിയെയോ നിയമിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. നമ്മുടെ മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക കാനൻ നിയമ സംഹിതയ്ക്ക് അന്തിമരൂപം കൊടുക്കുന്നതിന്, ഇപ്പോഴുള്ള കമ്മിറ്റികളിൽ നിന്നും തെരഞ്ഞെടുത്ത ഒരു വിദഗ്ദ്ധകമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. സിനഡിൽ നടന്ന മറ്റു ആലോചനകളുടെയും തീരുമാനങ്ങളുടെയും സംക്ഷിപ്ത വിവരം 'മലങ്കര' എന്ന നമ്മുടെ സിനഡൽ ആക്ട് ബുള്ളറ്റിനിൽ യഥായോഗ്യം അറിയിക്കുന്നതായിരിക്കും.

ഒരു പ്രധാന തീരുമാനം, നമ്മുടെ സഭാ ആസ്ഥാനമായ തിരുവനന്തപുരത്ത് മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ അഥവാ കാതോലിക്കേറ്റ് സെന്റർ എത്രയും വേഗം നിർമ്മിക്കണമെന്നുള്ളതാണ്. അതിന്റെ പ്രാരംഭ ആലോചനയ്ക്കായി നമ്മുടെ സിനഡ് സമ്മേളനം നടക്കുന്ന അവസരത്തിൽ തന്നെ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെയും രൂപതാ ഭാരവാഹികളുടെയും സന്യാസ സമൂഹാധികാരികളുടെയും അൽമായ സംഘടനാപ്രതിനിധികളുടെയും ഒരു ചർച്ചാസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. കാതോലിക്കേറ്റ് സെന്ററിന്റെ ഒരു ഏകദേശ പ്ലാൻ അവിടെ അവതരിപ്പിച്ചു. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവ് തിരുവനന്തപുരത്ത് പട്ടം തന്റെ പ്രവർത്തനമാരംഭിച്ച ആസ്ഥാനത്തു തന്നെയാണ് കാതോലിക്കേറ്റ് സെന്റർ പണിയാൻ തീരുമാനിച്ചത്. കെട്ടിടം പണിക്കായി നല്ല ഒരു തുക ആവശ്യമാണെന്നു ഏവർക്കും ബോധ്യപ്പെട്ടു. നമ്മുടെ സഭാസമൂഹമാണ് ആ സാമ്പത്തികഭാരം ഏറ്റെടുക്കേണ്ടതെന്ന് എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. അതിനായി നമ്മുടെ സമൂഹത്തിലെ ഓരോ ഘടകവും തയ്യാറാകേണ്ടിയിരിക്കുന്നു. മെത്രാൻമാർ, രൂപതകൾ, മിഷ്യൻ മണ്ഡലങ്ങൾ (പ്രത്യേകിച്ച് ബാഹ്യകേരള, ബാഹ്യഭാരത മിഷ്യൻ കേന്ദ്രങ്ങൾ), സന്യാസസമൂഹങ്ങൾ, നമ്മുടെ സ്ഥാപനങ്ങൾ, അത്മായർ എന്നീ ഘടകങ്ങൾ വേർതിരിച്ച് സാമ്പത്തിക സഹായങ്ങൾ സംഘടിപ്പിക്കുന്നതിനാണ് പൊതുവിൽ തീരുമാനിച്ചത്. അതനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ ഇപ്പോൾ തൽക്കാലം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാതോലിക്കേറ്റ് സെന്ററിൽ നിന്നു തന്നെ യഥായോഗ്യം ചെയ്യുന്നതാണ്. ഓരോ വിഭാഗത്തിൽപെട്ടവരും എങ്ങനെയാണ് ഈ സംരംഭത്തിൽ ഉൾപ്പെടേണ്ടതെന്നും പ്രത്യേകം അറിയിക്കുന്നതാണ്. അതനുസ്സരിച്ച് നമ്മുടെ സഭാമക്കൾ അവരുടെ ഔദാര്യപൂർണ്ണമായ സഹായസഹകരണങ്ങൾ നൽകേണ്ടതാണെന്ന് അറിയിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭാസമൂഹത്തെ കരുണയോടെ പരിപാലിക്കുകയും വഴിനടത്തുകയും ചെയ്യുന്ന ദൈവം തമ്പുരാൻ നമ്മെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത് ദൈവമാതാവായ പ. കന്യകാമറിയാമിന്റെയും, അപ്പസ്തോല സമൂഹ

ത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**മോറോൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ**

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്

25.08.2005
തിരുസന്നിധി

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി.കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

By the grace of God and in communion with the Holy See
From the Major Archbishop of the Malankara Catholic Church
**Moran Mor Cyril Baselios Catholicos**
Blessings to all Bishops, Priests, Deacons, Religious and the Faithful

Prot. No. CPL 6/2005

## Praise be to the Holy Name of the Triune God, Self-existent, Almighty, Eternal and Consubstantial!

Most reverend Bishops, reverend Priests, Deacons, dear Religious and beloved Faithful in Christ!

After our Malankara Catholic Church has been elevated to a self-governing Major Archiepiscopal Church, its first Episcopal Synod was held from 16-18 August 2005. The main topic discussed in the Synod was certain basic arrangements to be made urgently in the Church.

The Ordinary Episcopal Synod and Permanent Synod were formed and approved. In order to assist the activities of the Synod the following 18 commissions were formed and for each a Metropolitan was asssigned as chairman. They are:

- Liturgy commission; presided over by Moran Mor Cyril Baselios Catholicos
- Commissions for the Youth, Ecumenism, Dialogue and Evangelisation; presided over by Bishop Isaac Mar Cleemis
- Commissions for Family and Lay-Pious Associations; presided over by Bishop Geevarghese Mar Divannasios

- Commissions for Bible Apostolate, Priests, Religious; presided over by Bishop Yoohanon Mar Chrysostom
- Commissions for Faith Formation, Theology and Publications and Priestly Formation; presided over by Bishop Thomas Mar Koorilos
- Commissions for Education, Health, Communication Media, Common Celebrations and Social Apostolate and Dalit Christians; presided over by Bishop Joshua Mar Ignatios
- Commission for Vocation; presided over by Bishop Geevarghese Mar Timotheos
- Commission for Pastoral Care of the Faithful outside India; presided over by Bishop Joseph Mar Thomas

Besides the chairman, it was decided, that each commission should have a priest or nun or lay man/woman as secretary. An expert committee was formed out of the selected members of the existing committee to codify the particular law of our Church. The concise report of the other discussions and decisions of the Synod will be duly published in MALANKARA, the bulletin that publishes the synodal acts.

An important decision is to construct, at the earliest, the Major Archiepiscopal Curia or the Catholicate Centre in Trivandrum, the headquarters of our Church. As preliminary consultation, a meeting of the Bishops, eparchial officials and representatives of religious congregations and lay associations was convened, when the session of the Synod was on. A proposed plan of the Catholicate Centre was presented in the meeting. It is decided to construct the Centre at the very place where Mar Ivanios of venerable memory started his initial activities. All are convinced that a substantial amount of money is required for the construction of the building. It is needless to say that our ecclesial community has to bear this financial burden. Each section of our Church has to prepare itself for this. It is decided in common that our Bishops, Eparchies, Mission Regions (especially outside Kerala and outside India mission centres), Religious Communities, our institutions and the Laity shall all separately mobilise funds for this. Necessary arrangements for the same will duly be made by our present Catholicate Centre itself. Each section will be informed separately how to participate in this endeavour. I wish to inform that all the members of our Church should contribute their generous help and co-operation towards this. May the Lord God, who protects with compassion and leads our ecclesial community bless us abundantly!

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and all the saints, especially our Father and Apostle St. Thomas and the College of Apostles. Amen.

Your humble servant in Christ



Thirusannidhi
05.08.2005.

**Moran Mor Cyril Baselios Catholicos**
The Major Archbishop of the Malankara Church.

Our Father in heaven… …

N.B. This pastoral letter should be read in all our churches, mission centres and centres of worship during the holy qurbono next Sunday.

## THE PLATINUM JUBILEE OF THE REUNION MOVEMENT AND THE YEAR OF THE EUCHARIST CELEBRATED

The Platinum Jubilee of the Reunion Movement and the Year of the Eucharist were celebrated jointly at Mar Ivanios Nagar, Punnamoodu, Mavelikara on 19, 20, 21 September 2005.

His Grace Pedro Lopez Quintana, the Representative of the Holy Father in India, Shri Bhaironsingh Shekhawat, the Hon'ble Vice-President of India, Sri Oommen Chandy, the Honorable Chief Minister of Kerala, Arcbhishops, Bishops, Ministers and Political Leaders, hundreds of thousands of the Faithful of the Malankara Catholic Church and her well-wishers participated in the celebrations. An exhibition on the life and mission of Mar Ivanios at his birth house at Puthiyakavu gave a vivid a message to the people. Seminars, conventions, proclamation of the Word of God were enriching inputs of the celebration.

The thanksgiving Holy Qurbono, the rally and the Eucharistic Blessing were the concluding blessed moments of the celebration. The following was the detailed programme:

**Monday, 19.9.2005**

**09.00 Holy Qurbono** (at St. Joseph's Malankara Catholic Church, Puthiyakavu)
**11.00 The Meeting of Religious and Priests**
President: Most Rev. Yoohanon Mar Chrysostom, Metropolitan of Marthandom
**03.00 Reception of the Flag, the Portraits and the Torch, Flag hoisting**
Mar Ivanios Nagar Puthiyakavu
**05.00 Inauguration of the Platinum Jubilee**
President: Moran Mor Cyril Baselios, Catholicos
Inauguration: Shri Bhaironsingh Shekhawat, Vice-President of India
Message: Sri Ommen Chandy, Chief Minister of Kerala
**06.00 Evening Prayers**
**Malankara Convention**
Inauguration: Most Rev. Thomas Mar Koorilos, Metropolitan of Muvattupuzha.
Proclamation the Word of God: Rev. Fr. P.T. Thomas

**Tuesday, 20.9.2006**

**08.30 Holy Qurbono**
Most Rev. Geevarghese Mar Divannasios, Metropolitan of Bathery
**10.00 MCYM, MCA, Sunday School, KCSL Seminars**
Inauguration of MCA Seminar: Sri K.M. Mani, Honourable Minister for Revenue
Inauguration of MCYM Seminar: Sri Dominic Presentation, Honourable Minister for Fisheries
Inauguration of Sunday School and KCSL Seminar: Sri C.F. Thomas, Honourable Minister for Rural Development

**03.00 Concluding Meeting**
President: Rt. Rev. Geevarghese Corepiscopo
Message: Sri Francis George, MP

**Wednesday, 21.9.2006**

**08.30 Solemn Holy Qurbono**
Main Celebrant: Moran Mor Cyril Baselios Catholicos
Homily: Most Rev. Stanley Roman, Bishop of Kollam

**10.30 The Concluding Meeting of the Jubilee**
President: Moran Mor Cyril Baselios Catholicos
Inauguration: Most Rev. Pedro Lopez Quintan, Apostolic Nuncio

**02.00 Platinum Jubilee Concluding Rally**
(Punnammoodu-Puthiyakavu)
Inauguration: Most Rev. Pedro Lopez Quintana, Apostolic Nuncio

**03.00 Conclusion**
Benediction and Blessing with the Holy Eucharist
(St. Joseph's Malankara Catholic Church, Puthiyakavu)

## THE PRELIMINARY DRAFT OF THE CODE OF PARTICULAR LAW OF THE MALANKARA CATHOLIC CHURCH SUBMITTED

The drafts prepared by the various study groups of the Plenary Committee for the Codification of Particular Laws were compiled by a core group consisting of His Beatitude Moran Mor Cyril Baselios, the Major Archbishop-Catholicos and the Chairman of the Committee, Rev. Fr. John Kochuthundil the Convener, Rev. Sr. Ardra SIC, the Secretary and Rev. Fr. Antony Valiyavilayil OIC, a member of the Committee. His Beatitude further studied the compilation and the preliminary draft was edited by the Convener. It was submitted to the Second Synod of the Malankara Catholic Church that was in session from 1-3 December 2005.

Meanwhile, an expert committee, drawn out of the members of the Plenary Committee is studying and improving the draft to compile a Schema (see the Report in this issue).

On behalf of all concerned, the Convener expresses thanks to all who are working behind the codification process for their commitment.

## A NEW LOCATION FOR ST. ALOYSIUS MINOR SEMINARY

The St. Aloysius Minor Seminary of the Major Archiepiscopal Eparchy of Trivandrum is to be shifted to the Bethany Hills Nalanchira. At the new location in the Bethany Hills, near the St. Mary's Malankara Major Seminary, the foundation stone of the seminary was blessed and laid by His Beatitude Moran Mor Cyril Baselios, Major Archbishop-Catholicos of the Malankara Catholic Church on 8 September 2005, the feast of the Nativity of the Blessed Virgin Mary. The construction is progressing fast. On completion of the construction, the Minor Seminary will be shifted to the new location. **This will pave the way for the construction of the Catholicate Centre at the present site of the seminary**.